بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 9

ലക്കം 29

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2024 ജൂലൈ 18/ഹി.ശം 1403 വഫാ 18/ഹി:ഖ 1445 മുഹർറം 11

## അല്ലാഹുവിന്റെ വചനം

اِنَّ اللّٰہَ لَا یُغَیِّرُ مَا بِقَوۡمٍ حَتّٰی یُغَیِّرُوۡا مَا بِاَنۡفُسِہِمۡ ؕ وَاِذَاۤ اَرَادَ اللّٰہُ بِقَوۡمٍ سُوۡٓءًا فَلَا مَرَدَّ لَہٗ ۚ وَمَا لَہُمۡ مِّنۡ دُوۡنِہٖ مِنۡ وَّالٍ ﴿۱۲﴾

(سُوۡرَۃُ الرَّعۡدِ: 12)

ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് അവർ സ്വയം മാറ്റം വരുത്തുന്നതുവരെ അവരുടെ സ്ഥിതിക്ക് അല്ലാഹു മാറ്റം വരുത്തുന്നില്ല. അല്ലാഹു ഒരു ജനതയ്ക്ക് ദോഷം വരുത്തണമെന്ന് ഉദ്ദേശിക്കുന്നതായാൽ അത് തട്ടി നീക്കുക ആർക്കും സാധ്യമല്ല. അവനുപുറമെ അവർക്കൊരു സഹായിയുമില്ല.'

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### ജമാഅത്തിന്റെ സ്വത്തുക്കളുടെ സംരക്ഷണവും അന്യായമായ നിയന്ത്രണത്തിൽ നബി(സ)യുടെ മുന്നറിയിപ്പും.

നബി(സ)തിരുമേനി അസദ് ഗോത്രത്തിൽനിന്നുള്ള ഇബ്നു ഉത്ബിയ എന്നു പറയുന്ന ഒരാളെ സക്കാത്തു പിരിക്കുന്നതിന് നിശ്ചയിച്ചു. അയാൾ വന്നപ്പോൾ പറഞ്ഞു: 'ഇത് അങ്ങയുടേതാണ്. ഇത് എനിക്ക് സമ്മാനം നൽകപ്പെട്ടതായിരുന്നു.' നബി(സ)തിരുമേനി പറഞ്ഞു: "അപ്പോൾപ്പിന്നെ അയാൾ തന്റെ പിതാവിന്റെ വീട്ടിലോ തന്റെ മാതാവിന്റെ വീട്ടിലോ എന്തുകൊണ്ടിരുന്നില്ല? അപ്പോൾ കാണാമായിരുന്നു അയാൾക്ക് സമ്മാനം നല്കപ്പെടുമോ എന്ന്!" ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണെ സത്യം! നിങ്ങളിലാരെങ്കിലും (ആ സക്കാത്തിന്റെ മുതലിൽനിന്ന്) കുറച്ചെടുക്കുകയാണെങ്കിൽ അവൻ തീർച്ചയായും ഖിയാമത്തുനാൾ തന്റെ കഴുത്തിൽ(ആ മുതൽ)ഏറ്റിക്കൊണ്ടു വരുന്നതായിരിക്കും. ഒട്ടകമാണെങ്കിൽ അത് മുറുമുറുക്കുന്നുണ്ടാകും. പശുവാണെങ്കിൽ ബാ ബാ പറഞ്ഞുകൊണ്ടിരിക്കുന്നുണ്ടാകും. ആടാണെങ്കിൽ മെ മെ പറഞ്ഞുകൊണ്ടിരിക്കുന്നുണ്ടാകും. പിന്നീട് അവിടന്ന് തന്റെ കൈകളുയർത്തി; എത്രത്തോളമെന്നാൽ, ഞങ്ങൾ കക്ഷത്തിന്റെ വെളുപ്പ് കണ്ടു. (അവിടന്ന് പറഞ്ഞു:) എന്റെ അല്ലാഹുവേ! ഞാൻ നിന്റെ കൽപ്പന എത്തിച്ചുവോ? എന്റെ അല്ലാഹുവേ!ഞാൻ നിന്റെ കൽപ്പന എത്തിച്ചുവോ? ഈ വാക്യം അവിടന്ന് മൂന്നു പ്രാവശ്യം പറഞ്ഞു.*(ബുഖാരി കിതാബുൽ ഹിബ)*

## ഈ ലക്കത്തിൽ

ജുമുഅ ഖുത്ബ
14 ജൂൺ 2024

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം

റിപ്പോർട്ട് : ജർമൻ പര്യടനം

**ഒട്ടകത്തിന്റെ സ്വഭാവത്തിൽ ഇമാമിനെ അനുസരിക്കുക എന്ന ഗുണം അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഒട്ടകങ്ങളുടെ ഒരു നീണ്ട നിരയുണ്ടാകും. ഏറ്റവുമാദ്യം ഇമാമെന്ന നിലയിൽ, നേതാവെന്ന നിലയിൽ നടക്കുന്ന ഒട്ടകത്തിന്റെ പിന്നാലെ ഒരു പ്രത്യേക ശൈലിയിലും വേഗത്തിലും അവ നടക്കുന്നു. യാത്ര പോകുന്ന നേരത്താണ് നിരനിരയായി പോകുന്നതെന്ന കാര്യം ഓർക്കേണ്ടതാണ്. ഇഹലോകയാത്ര താണ്ടുന്നതിന് ഒരു ഇമാം ഇല്ലെങ്കിൽ മനുഷ്യൻ വ്യതിചലിച്ച് വ്യതിചലിച്ച് നാശമടയും.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عَلَیْہِ السَّلَام ന്റെ ഉപദേശങ്ങൾ

വിശുദ്ധ ഖുർആനിൽ വന്നിട്ടുള്ള ***അഫലാ യൻള്ളുറൂന ഇലൽ ഇബിലി കയ്ഫ ഖുലിഖത്ത്*** എന്ന വചനം നുബുവ്വത്തിന്റേയും ഇമാമത്തിന്റേയും പ്രശ്നം പരിഹരിക്കുന്നതിന് വലിയ സഹായിയാണ്. ഒട്ടകത്തിന് അറബി ഭാഷയിൽ ആയിരത്തിന്നടുത്ത് പേരുകളുണ്ട്. ആ പേരുകളിൽനിന്ന് ***ഇബിലുൻ*** എന്ന പദം ഉപയോഗിച്ചതിലുള്ള രഹസ്യമെന്താണ്? ഇലൽജമലി എന്നും പറയാവുന്നതാണല്ലോ?

യഥാർഥ കാര്യം മനസ്സിലാകുന്നത് ***ജമൽ*** ഒരു ഒട്ടകത്തിന് പറയുന്ന പേരാണ്. ***ഇബിലുൻ*** സമൂഹനാമമാണ്. ഇവിടെ സാംസ്കാരികവും സംഘടിതവുമായ അവസ്ഥ കാണിക്കുക എന്നതായിരുന്നു അല്ലാഹുവിന്റെ ഉദ്ദേശ്യം. ***ജമൽ*** ഒരു ഒട്ടകത്തിനാണ് പറയുന്നത്. ഈ പദം ഉപയോഗിച്ചാൽ കിട്ടേണ്ടുന്ന ഫലം കിട്ടുമായിരുന്നില്ല. അതുകൊണ്ടാണ് ***ഇബിൽ*** എന്ന പദം ഇഷ്ടപ്പെട്ടത്. ഒട്ടകങ്ങളിൽ പരസ്പരം പിന്തുടരാനും അനുസരിക്കാനുമുള്ള കഴിവ് വെച്ചിരിക്കുന്നു. നോക്കുക! ഒട്ടകങ്ങളുടെ ഒരു നീണ്ട നിരയുണ്ടാകും. ഏറ്റവുമാദ്യം ഇമാമെന്ന നിലയിൽ, നേതാവെന്ന നിലയിൽ നടക്കുന്ന ഒട്ടകത്തിന്റെ പിന്നാലെ ഒരു പ്രത്യേക ശൈലിയിലും വേഗത്തിലും അവ നടക്കുന്നത് ഏതു രീതിയിലാണെന്ന് നോക്കുക. ആദ്യം നടക്കുന്ന ഒട്ടകം പരിചയസമ്പന്നനും വഴി അറിയുന്നതുമായിരിക്കും. പിന്നീട് എല്ലാ ഒട്ടകങ്ങളും ഒന്നിനുപിറകെ ഒന്നായി ഒരേ വേഗത്തിൽ നടക്കുന്നു. അവയിൽ ഒന്നിന്റേയും മനസ്സിൽ കുതിര തുടങ്ങി മറ്റു മൃഗങ്ങളിൽ കാണുന്നതുപോലെ ഒപ്പത്തിനൊപ്പം നടക്കണമെന്ന ചിന്ത ഉണ്ടാകുകയില്ല. ഒട്ടകത്തിന്റെ സ്വഭാവത്തിൽ ഇമാമിനെ അനുസരിക്കുക എന്ന ഗുണം അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ട് അല്ലാഹു അഫലാ ***യൻള്ളുറൂന ഇലൽ ഇബിലി കയ്ഫ ഖുലിഖത്ത്*** എന്നു പറഞ്ഞുകൊണ്ട് ഈ സംഘടിതാവസ്ഥയിലേക്ക് സൂചനനല്കി. ഒട്ടകം ഒരു നിരയിലൂടെ തെറ്റാതെ പൊയ്ക്കൊണ്ടിരിക്കുന്നു. ഇതേ പ്രകാരം സാംസ്കാരികവും സംഘടിതവുമായ അവസ്ഥ നിലനിറുത്താൻ ഒരു ഇമാം അത്യാവശ്യമാണ്.

യാത്ര പോകുന്ന നേരത്താണ് നിരനിരയായി പോകുന്നതെന്ന കാര്യം ഓർക്കേണ്ടതാണ്. ഇഹലോകയാത്ര താണ്ടുന്നതിന് ഒരു ഇമാം ഇല്ലെങ്കിൽ മനുഷ്യൻ വ്യതിചലിച്ച് വ്യതിചലിച്ച് നാശമടയും. ഒട്ടകം അധികം ശക്തിയുള്ളതും കൂടുതൽ നടക്കുന്നതുമായ മൃഗമാണ്. അതിൽനിന്ന് ക്ഷമയുടേയും സഹനത്തിന്റേയും പാഠം ലഭിക്കുന്നു.

ദീർഘ യാത്രയിൽ പല ദിവസത്തേക്കുള്ള വെള്ളം സംഭരിച്ചുവെക്കുന്നുവെന്നത് ഒട്ടകത്തിന്റെ പ്രത്യേകതയാണ്. അതിൽ അത് അശ്രദ്ധയാകുകയില്ല. അതുകൊണ്ട് സത്യവിശ്വാസിയും എപ്പോഴും തന്റെ പരലോക യാത്രയ്ക്കായി തയ്യാറോടും കരുതലോടുംകൂടി ഇരിക്കേണ്ടതാണ്. ഏറ്റവും

ശേഷം പേജ് 07 ൽ

**ഹജ്ജിലും ഭയഭക്തിയും അല്ലാഹുവിനോടുള്ള ഭയവും മുന്നിൽവെക്കുന്നില്ലെങ്കിൽ ഒരു ഫലവുമുണ്ടാകുകയില്ല. മനുഷ്യൻ തന്റെ എല്ലാ കാര്യങ്ങളിലും അല്ലാഹുവിന്റെ തൃപ്തി മുന്നിൽവെക്കേണ്ടതാണ്. ഇല്ലെങ്കിൽ അതേ നന്മ അവന്റെ നാശത്തിനും ശിക്ഷയ്ക്കും കാരണമായിത്തീരും. ആരെങ്കിലും ആളുകളിൽ തന്റെ മാന്യത വർധിക്കണമെന്നാഗ്രഹിച്ചുകൊണ്ടും, അല്ലെങ്കിൽ ചടങ്ങും സമ്പ്രദായവുമെന്ന നിലയിലും അല്ലെങ്കിൽ ആളുകൾതന്നെ ഹാജി എന്നു പറയണമെന്നുദ്ദേശ്യത്തോടെയും ഹജ്ജു ചെയ്യുകയാണെങ്കിൽ അയാൾ തന്റെ ആദ്യമുള്ള ഈമാനും കൂടി കളഞ്ഞുകുളിച്ചായിരിക്കും മടങ്ങി വരിക.**

ധാരാളമാളുകൾ ഹജ്ജ് ചെയ്യണമെന്നുള്ള ആഗ്രഹക്കാരാണ്. എന്നാൽ, സമയം വരുമ്പോൾ അത് പൂർത്തിയാക്കുകയില്ല. ഇപ്രകാരം അവർ വളരെ വലിയൊരു പുണ്യകർമത്തിൽനിന്ന് പിന്തള്ളപ്പെടുന്നു. അതിനാൽ ആർക്കാണോ അല്ലാഹു കഴിവു നല്കിയിട്ടുള്ളത് അവർ ബയ്ത്തുല്ലായുടെ ഹജ്ജ് ചെയ്ത് ശ്രേഷ്ഠനാകാൻ ശ്രമിക്കേണ്ടതാണ്. എന്നാൽ, ഹജ്ജിലും ഭയഭക്തിയും അല്ലാഹുവിനോടുള്ള ഭയവും മുന്നിൽവെക്കുന്നില്ലെങ്കിൽ ഒരു ഫലവുമുണ്ടാകുകയില്ല. ഞാൻ ഹജ്ജ് ചെയ്യാൻ പോയപ്പോൾ സൂറത്തുകാരനായ ഒരു യുവകച്ചവടക്കാരനെ കണ്ടു. അയാൾ മിനായിലേക്ക് പോകുകയായിരുന്നപ്പോൾ ദിക്റെ ഇലാഹി ചെയ്യുന്നതിനുപകരം ഉർദുഭാഷയിലെ അങ്ങേയറ്റം വൃത്തികെട്ട പ്രണയസംബന്ധമായ കവിതകളാണ് ചൊല്ലിക്കൊണ്ടു പോയിരുന്നത്! യാദൃച്ഛികമെന്ന് പറയട്ടെ ഞാൻ തിരിച്ചുവരുമ്പോൾ ഞാൻ യാത്ര ചെയ്തിരുന്ന കപ്പലിൽ അവനും മടങ്ങിവരുകയായിരുന്നു. ഒരു ദിവസം ഞാൻ അവനോടു അവസരം നോക്കി ചോദിച്ചു: താങ്കളെന്തിനാണ് ഹജ്ജിനു

ശേഷം പേജ് 12 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

### ബനുനളീർയുദ്ധത്തിന്റെ കാരണങ്ങളുടേയും അവസ്ഥകളുടേയും സംഭവങ്ങളുടേയും ഹൃദയസ്പർശിയായ വിവരണം. പാക്കിസ്താനീ അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യാനാഹ്വാനവും.

**"ഈ യുദ്ധനീക്കത്തിന്റെ കാരണം വിവരിച്ചുകൊണ്ട് ഹദീഥു കർത്താക്കളും ഗ്രന്ഥകാരന്മാരും വ്യത്യസ്ത കാരണങ്ങളാണ് പറയുന്നത്. ഈ ഭിന്നത കാരണം ഈ യുദ്ധനീക്കത്തിന്റെ കാലത്തെ സംബന്ധിച്ചും ഭിന്നത കാണപ്പെടുന്നുണ്ട്."(ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)**

**ഹുയ്യബ്നു അഖ്ത്വബ് പറഞ്ഞു: "അല്ലയോ യഹൂദ സംഘമേ! മുഹമ്മദ്(സ) തന്റെ സുഹൃത്തുക്കളോടൊപ്പം നിങ്ങളുടെ അടുക്കൽ വന്നിരിക്കുകയാണ്. അവരുടെ എണ്ണം പത്തിൽ താഴെയാണ്. ഈ വീടിന്റെ ചുമരിലൂടെ കല്ല് താഴേക്കിട്ട് മുഹമ്മദ്(സ)നെ വധിക്കണം. നിങ്ങൾക്ക് ഇതിനേക്കാൾ നല്ലൊരു അവസരം ഇനി കിട്ടുകയില്ല. അദ്ദേഹത്തെ കൊല്ലുകയാണെങ്കിൽ അദ്ദേഹത്തിന്റെ കൂട്ടുകാർ പിരിഞ്ഞു പോകുകയും മക്കയിൽനിന്ന് വന്ന അദ്ദേഹത്തിന്റെ കൂട്ടുകാർ തിരിച്ചു മക്കയിലേക്കു പോകുകയും ചെയ്യുന്നതാണ്. ഇവിടെ നിങ്ങളുടെ കൂട്ടുകാരായ ഔസും ഖസ്റജും മാത്രം ശേഷിക്കുന്നതുമാണ്. അതുകൊണ്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്നത് ഉടനെ ചെയ്തു കൊള്ളുക."**

**അല്ലാഹു എത്രയും വേഗം പാകിസ്താനി അഹ്മദികളെയും ഈ അക്രമകാരികളിൽനിന്ന് രക്ഷിക്കുമാറാകട്ടെ. അവിടെയും നമ്മുടെ അവസ്ഥകൾ നന്നാകുമാറാകട്ടെ. ചെറിയ ചെറിയ കാര്യങ്ങളിൽ കേസും അസ്വസ്ഥതയും ഉണ്ടാക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.**

**ബശീർ അഹ്മദ് സാഹിബ് ഓഫ് സഅ്ദുല്ലാപൂർ മണ്ടി ബഹാഉദ്ദീൻ സാഹിബിന്റെ മകൻ ഗുലാം സർവർ സാഹിബ് ശഹീദിന്റേയും മുശ്താഖ് അഹ്മദ് ബാജ്വാ സാഹിബ് ഓഫ് സഅ്ദുല്ലാപൂർ മണ്ടി ബഹാഉദ്ദീൻ സാഹിബിന്റെ മകൻ റാഹത്ത് അഹ്മദ് ബാജ്വാ സാഹിബിന്റേയും കാനഡയിലെ മലിക് മുള്വഫ്ഫർ ഖാൻ ജോഇയ സാഹിബിന്റേയും അനുസ്മരണവും ജനാസ ഗാഇബും.**

**അല്ലാഹു ഈ ശുഹദാഇന് ജന്നത്തുൽ ഫിർദൗസിൽ ഉന്നത സ്ഥാനം നൽകുമാറാകട്ടെ. അവരോടു പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. എല്ലാ സന്തപ്ത കുടുംബത്തിനും നല്ല സഹന വും പ്രദാനം ചെയ്യുമാറാകട്ടെ. അവരെ തന്റെ സംരക്ഷണയിൽ വയ്ക്കുമാറാകട്ടെ.**

**ഖുത്ബ ജുമുഅ 2024 ജൂൺ 14, 1403 ഇഹ്സാൻ 14**
**മസ്ജിദ് മുബാറക്, ഇസ്ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○
اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ الرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ نَعْبُدُ وَاِیَّاکَ نَسْتَعِیْنُ ○
اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ ۙ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

ഇന്ന് ബനൂനളീർ യുദ്ധത്തിന്റെ കുറച്ചു കാര്യങ്ങൾ പറയുന്നതാണ്. നളീർഗോത്രം മദീനയിലെ യഹൂദികളുടെ ഒരു കുടുംബ മായിരുന്നു. ചില ചരിത്രകാരന്മാർ എഴുതുന്നു: ബനൂനളീർ, ഖയ്ബറിലെ ഒരു യഹൂദ ഗോത്രമായിരുന്നു. അവരുടെ നാട് സുഹ്റ എന്നാണ് അറിയപ്പെട്ടിരുന്നത്.*(സീറത്തുൽ ഹൽബിയ്യ വാല്യം 2, പേജ് 356, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ)*

നബി(സ)തിരുമേനി മദീനയിലെത്തിയപ്പോൾ ഹുയ്യബ്നു അഖ്ത്വബ് ആയിരുന്നു നളീർ ഗോത്രത്തലവൻ. അയാളുടെ ആറാം തലമുറയിലെ പൂർവപിതാക്കളിൽ നളീർ ബിൻ നഹാം എന്നൊരു പേരുണ്ട്. ഇയാളുടെ പേരിലാണ് ഈ ഗോത്രം ബനൂനളീർ എന്ന് അറിയപ്പെടുന്നത്. ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് സ്വഫിയ്യ(റ)ബനൂനളീറിന്റെ നേതാവായ ഹുയ്യബ്നു അഖ്തബിന്റെ മകളായിരുന്നു. ചരിത്ര പുസ്തകങ്ങളിൽ പറയുന്നു: ഹുയ്യബ്നു അഖ്തബിന്റെ പൂർവ തലമുറ ഹദ്റത്ത് മൂസാ(അ)ന്റെ സഹോദരനായ ഹദ്റത്ത് ഹാറൂനുമായി ചേരുന്നുണ്ട്. ഹുയ്യന്റെ പൂർവ തലമുറയിൽ പല വ്യക്തികളും പ്രവാചകത്വത്താൽ അനുഗൃഹീതരായിരുന്നു. അതിൽ അയാൾ അഭിമാനിക്കുകയും ചെയ്തിരുന്നു. ഈ ഗർവിൽ അയാൾ ഇങ്ങനെ പറയുമായിരുന്നു: 'അല്ലാഹു ഈ ലോകത്തുതന്നെ നമ്മളോടു കരുണയുള്ളവനാണ്, പരലോകത്തും അവൻ നമ്മളോടു വാത്സല്യവും കരുണയും ഉള്ളവനായിരിക്കും. അവൻ നമുക്ക് തിന്മകൾ കാരണം ഏതാനും ദിവസം മാത്രം ശിക്ഷ നൽകുകയും അവസാനം നമ്മുടെ സങ്കേതം സ്വർഗമാക്കുകയും ചെയ്യുന്നതാണ്.' ഈ തറവാട് മഹിമയും ഗർവും കാരണം ഹയ്യ്, നബി(സ)തിരുമേനിയുടെ അധ്യാപനത്തിൽനിന്ന് മുഖം തിരിക്കുകയുണ്ടായി. നളീർഗോത്രം താമസമാക്കിയ സ്ഥലം മസ്ജിദ് ഖുബയിൽ നിന്ന് അരമൈൽ അകലെയായിരുന്നു. വടക്കു കിഴക്കു ഭാഗത്തും മദീനയുടെ മധ്യത്തിലും അവരുടെ താമസം നേരത്തെതന്നെ ഉണ്ടായിരുന്നു. മസ്ജിദ് ഖുബാ അവിടെനിന്ന് കുറച്ചകലെ തെക്കു ഭാഗത്തായിരുന്നു. *(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാല്യം 7, പേജ് 171-172, പ്രസാധനം ബസം ഇഖ്ബാൽ ലാഹോർ)*

ബനൂ നളീർ യുദ്ധ നീക്കം നടന്നത് ഹിജ്റ നാലാം വർഷം റബീഉൽ അവ്വൽ മാസത്തിലാണ്. ഒരു നിവേദനമനുസരിച്ച് ഉഹുദ് യുദ്ധത്തിനു മുമ്പേയാണ് ഇതുണ്ടായത്. ഇമാം ബുഖാരിയും ഇതുതന്നെയാണ് പറയുന്നത്. പക്ഷേ, ഇമാം ബുഖാരി അതൊടൊപ്പം എഴുതുന്നു: ഇബ്നു ഇസ്ഹാഖിന്റെ വീക്ഷണത്തിൽ ഇത് ഉഹുദുയുദ്ധത്തിനും ബിഅ്ർ മഊനഃക്കും ശേഷമാണുണ്ടായത്. അതേസമയം അല്ലാമ ഇബ്നു കഥീറും കൂടാതെ അധികം ചരിത്രകാരന്മാരും നബിചരിത്രകാരന്മാരും പറയുന്നുത് ബനൂനളീർ യുദ്ധം, ഉഹുദുയുദ്ധത്തിനുശേഷം തന്നെയാണുണ്ടായതെന്നാണ്. *(സീറത്തുൽഹൽബിയ്യ വാല്യം*

*2, പേജ് 357, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സ്വഹീഹുൽ ബുഖാരി കിതാബുൽമഗാസി, ബാബു കിതാബു ഹദീഥ് ബനിന്നളീർ)*

ബനൂനളീർ യുദ്ധത്തിന്റെ കാരണത്തെ പറ്റി പറയുന്നു: മക്കാ ഖുറയ്ശികൾ ബദ്ർ യുദ്ധത്തിനു മുമ്പേ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനും മറ്റു ഔസ്, ഖസ്റജ് തുടങ്ങിയ വിഗ്രഹാരാധകർക്കും കത്തയച്ചിരുന്നു. ആ സമയത്ത് നബി(സ) തിരുമേനി മദീനയിലായിരുന്നു. അവർ അതിലെഴുതുന്നു: "നിങ്ങൾ ഞങ്ങളുടെ കൂട്ടത്തിൽ പെട്ടവർക്ക് അഭയം നൽകിയിരിക്കുന്നു. മദീനയിൽ നിങ്ങൾ എണ്ണത്തിൽ വളരെ കൂടുതലാകുന്നു. ഞങ്ങൾ ദൈവത്തെക്കൊണ്ടു സത്യം ചെയ്ത് പറയട്ടെ, അവരോടു യുദ്ധം ചെയ്യുകയോ അവരെ നാട്ടിൽനിന്ന് പുറത്താക്കുകയോ ചെയ്യണം. അതുമല്ലെങ്കിൽ ഞങ്ങൾ അറബികളെ ഒരുമിച്ചുകൂട്ടി നിങ്ങളെ ആക്രമിക്കുന്നതാണ്. നിങ്ങളുടെ യുദ്ധവീരന്മാരുമായി ഞങ്ങൾ യുദ്ധം ചെയ്യുകയും നിങ്ങളുടെ സ്ത്രീകളെയും കുട്ടികളെയും അരിഞ്ഞു വീഴ്ത്തുകയും ചെയ്യുന്നതാണ്." മക്കയിലെ സത്യനിഷേധികൾ ഈ കത്താണ് മദീന മൂപ്പന്മാർക്ക് അയച്ചത്. ഉബയ്യ് ബിൻ സുലൂലിനും മറ്റു വിഗ്രഹാരാധകർക്കും ഈ കത്തു കിട്ടിയപ്പോൾ അവർ പരസ്പരം സന്ദേശം കൈമാറുകയും നബി(സ)തിരുമേനിയോടും സ്വഹാബാക്കളോടും യുദ്ധം ചെയ്യാൻ ഉറച്ച തീരുമാനമെടുക്കുകയും ചെയ്തു. നബി(സ)തിരുമേനി അതേക്കുറിച്ച് അറിഞ്ഞപ്പോൾ അവിടത്തെ സ്വഹാബാക്കളുടെ ഒരു സംഘത്തെയും കൂട്ടി അവരെ കാണാൻ പോയി. നബി(സ)തിരുമേനി മദീനയിലെ മൂപ്പന്മാരോടു പറഞ്ഞു: 'ഖുറയ്ശികൾ നിങ്ങൾക്ക് വളരെ കടുത്ത ഭീഷണിയുടെ കത്താണ് അയച്ചിട്ടുള്ളത്. ഈ കത്ത് നിങ്ങളെ വഞ്ചനയിൽ അകപ്പടുത്താതിരിക്കട്ടെ, അതായത് നിങ്ങൾ ചതിയിൽപ്പെട്ട് സ്വന്തം സഹോദരന്മാരോടും മക്കളോടും യുദ്ധം ചെയ്യാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നബി(സ)തിരുമേനി ഇതു പറഞ്ഞപ്പോൾ അവർക്ക് കാര്യം ബോധ്യപ്പെടുകയും അവരുടെ ഉദ്ദേശ്യം അവർ മാറ്റി വെക്കുകയും പിരിഞ്ഞു പോകുകയും ചെയ്തു. അങ്ങനെ ഖുറയ്ശികളുടെ ഭീഷണി ഫലവത്തായില്ല.

തുടർന്ന് ഖുറയ്ശികൾ ബദ്ർ യുദ്ധത്തിനുശേഷം യഹൂദികൾക്ക് അയച്ച കത്തിൽ എഴുതി: "നിങ്ങളുടെ പക്കൽ ആയുധങ്ങളുണ്ട്, നിങ്ങൾ കോട്ടകൊത്തളങ്ങളുടെ ഉടമകളുമാകുന്നു. നിങ്ങൾ (അവിടെയുള്ള) ഞങ്ങളുടെ കൂട്ടത്തിൽപ്പെട്ട ആളുകളുമായി യുദ്ധം ചെയ്യണം. ഇല്ലെങ്കിൽ ഞങ്ങൾ നിങ്ങളെ ആക്രമിക്കുന്നതായിരിക്കും. നിങ്ങളുടെ പുരുഷന്മാരെ കൊല്ലുകയും നിങ്ങളുടെ സ്ത്രീകളെ ബന്ദികളാക്കുകയും ചെയ്യും." ഈ കത്ത് യഹൂദികൾക്ക് കിട്ടിയപ്പോൾ അവർ നബി(സ) തിരുമേനിയോടു വഞ്ചന കാണിക്കാൻ ഐകകണ്ഠ്യേന തീരുമാനമെടുത്തു. കാരണം യഹൂദി ഗോത്രങ്ങൾ ഒരു അവസരം കിട്ടിയാൽ മുസ്‌ലിമീങ്ങളുടെ അധികാരവും ശക്തിയും ഇല്ലാതാക്കാൻ നേരത്തെതന്നെ ആഗ്രഹിച്ചിരുന്നു. അതുകൊണ്ട് നബി(സ)തിരുമേനിയെ നഊദുബില്ലാഹ് വധിക്കാനെന്തെങ്കിലും ഉപായം മെനയണമെന്ന് അവർ ആലോചിച്ചു തുടങ്ങി. അങ്ങനെ അവർ, നബി(സ)തിരുമേനിയോടു മുപ്പത് സ്വഹാബാക്കളോടൊപ്പം വരാൻ പറയുകയും തങ്ങളുടെ മുപ്പത് പണ്ഡിതന്മാർ താങ്കളുടെ അടുക്കൽ വരുന്നതാണെന്നും ഇരു കൂട്ടർക്കുമിടയിലുള്ള ഒരു സ്ഥലത്തു വെച്ച് സന്ധിക്കാമെന്നും വിവരം നൽകുകയും ചെയ്തു. അതായത് ഇരുകൂട്ടർക്കും പൊതുവായുള്ള ഒരു സ്ഥലം തിരഞ്ഞെടുക്കേണ്ടതാണ്. അവിടെവെച്ച് താങ്കളുടെ പ്രഭാഷണം അവർ ശ്രവിക്കുന്നതായിരിക്കും. അവർ അതായത് യഹൂദി പണ്ഡിതന്മാർ താങ്കളെ സത്യപ്പെടുത്തുകയും അംഗീകരിക്കുകയും ചെയ്താൽ ഞങ്ങളും താങ്കളെ വിശ്വസിക്കുന്നതാണ്. അടുത്ത ദിവസം നബി(സ)തിരുമേനി 30 സ്വഹാബാക്കളെയും കൂട്ടി അവരുടെ അടുത്തേക്ക് പുറപ്പെട്ടു. 30 യഹൂദി പണ്ഡിതന്മാരും നബി(സ)തിരുമേനിയുടെ അടുക്കലെത്തി. യഹൂദികൾ തുറസ്സായ മൈതാനത്തെ ത്തിയപ്പോൾ എങ്ങനെയാണ് അവരെ ആക്രമിക്കുകയെന്ന് പരസ്പരം ചോദിച്ചു തുടങ്ങി. കാരണം നബി(സ)തിരുമേനിയുടെ കൂടെ 30 സ്വഹാബാക്കളുണ്ട്. ഈ 30 പേരുടെ സാന്നിധ്യത്തിൽ നബി(സ) തിരുമേനിയെ ആക്രമിക്കുക സാധ്യമല്ല. കാരണം കൂടെയുള്ളവർ നബി(സ)തിരുമേനിക്കുവേണ്ടി ജീവൻ ത്യജിക്കാൻ സന്നദ്ധരായിട്ടുള്ളവരാണ്. തുടർന്ന് യഹൂദികൾ നബി(സ)തിരുമേനിക്കു ഇപ്രകാരം സന്ദേശമയച്ചു: "നമ്മൾ 60 പേരുമായി എങ്ങനെയാണ് പരസ്പരം ചർച്ച നടത്തുക? അതുകൊണ്ട് താങ്കൾ 3 പേരുമായി വന്നാൽ മതി, ഞങ്ങളും 3 പണ്ഡിതന്മാരെയുംകൊണ്ട് വരാം. അവർ താങ്കളുടെ സംസാരം കേൾക്കുന്നതായിരിക്കും." അങ്ങനെ നബി(സ)തിരുമേനി 3 സ്വഹാബാക്കളെയുംക്കൂട്ടിപ്പോയാൽ മതിയെന്ന അഭ്യർഥന അംഗീകരിക്കുകയുണ്ടായി. മൂന്ന് യഹൂദി പണ്ഡിതന്മാരും പുറപ്പെട്ടു. ഈ യഹൂദികളുടെ കൈയിൽ കഠാരയുണ്ടായിരുന്നു. അവർ നബി(സ)തിരുമേനിയെ ആക്രമിക്കാനുദ്ദേശിച്ചിരുന്നു. നബി(സ)തിരുമേനി പുറപ്പെടാൻ തയ്യാറായി. വഴിയിൽ ബനീനളീറിലുള്ള ഗുണകാംക്ഷിയായ ഒരു സ്ത്രീ, ഒരു അൻസ്വാരി മുസ്‌ലിമിനോടു ബനീനളീറിന്റെ എല്ലാ ഗൂഢപദ്ധതികളെ സംബന്ധിച്ചും അതായത് അവർ ചതിക്കാൻ നടത്തിയ ഗൂഢാലോചനയെ പറ്റിയും അറിയിച്ചു കൊടുത്തു. അദ്ദേഹം നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി യഹൂദികളുടെ ഈ ദുരുദ്ദേശത്തെ സംബന്ധിച്ച് അറിയിച്ചപ്പോൾ യഹൂദികളുടെ അടുക്കലെത്തുന്നതിനുമുമ്പേ നബി(സ)തിരുമേനി തിരിച്ച് മദീനയിൽ മടങ്ങിയെത്തുകയുണ്ടായി.*(സുബുലുൽഹുദാ വർറശാദ്, വാല്യം 4, പേജ് 317, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1993)*

ഈ യുദ്ധനീക്കത്തിന്റെ മറ്റൊരു കാരണം വിവരിച്ചു കൊണ്ട് ഒരു ഗ്രന്ഥകാരൻ എഴുതുന്നു: ബനൂ നളീർ രഹസ്യമായി ഖുറയ്ശികൾക്ക് സന്ദേശം അയക്കുകയും അവരെ നബി(സ)തിരുമേനിക്കെതിരിൽ യുദ്ധം ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യുകയുണ്ടായി. മാത്രമല്ല അവർക്ക് മുസ്‌ലിമീങ്ങളുടെ ചില പ്രതിരോധ ദൗർബല്യങ്ങളെ പറ്റിയും പറഞ്ഞു കൊടുത്തു. ഇതു ഖുറയ്ശികൾ മുസ്‌ലിമീങ്ങളുമായി യുദ്ധം ചെയ്യാൻ ഉഹുദിനടുത്ത് താവളമടിച്ച സമയത്തുള്ള കാര്യമാണ്. ഈ കാരണം മൂസ ബിൻ ഉഖ്ബ മാത്രമാണ് വിവരിച്ചിട്ടുള്ളത്. ചില നിവേദനങ്ങൾ പ്രകാരം ഉഹുദു യുദ്ധത്തിന് മുമ്പേ യഹൂദികളും മക്കാ ഖുറയ്ശികളെ നല്ലപോലെ ഇളക്കിവിടാൻ ശ്രമിച്ചിരുന്നു. അങ്ങനെയാണ് ഉഹുദു യുദ്ധമുണ്ടായത്. *(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാല്യം 7, പേജ് 175-176, പ്രസാധനം ബസം ഇഖ്ബാൽ ലാഹോർ 2022)*

ഈ യുദ്ധനീക്കത്തിനുള്ള പ്രധാനപ്പെട്ടതും ത്വരിതഗതിയിലുള്ളതുമായ ഒരു കാരണമായി പറയുന്നു; ബിഅ്ർ മഊനഃയിൽനിന്ന് തിരിച്ചുവരുമ്പോൾ ഹദ്റത്ത് അംറ് ബിൻ ഉമയ്യ ളംരി, ബനൂ ആമിറിലെ രണ്ടു പേരെ വധിക്കുകയുണ്ടായി. അവരുമായി മുസ്‌ലിമീങ്ങളുടെ സമാധാന ഉടമ്പടി ഉണ്ടായിരുന്നതാണ്. ഇനി അവരുടെ ദിയാധനത്തിന്റെ വിഷയവുമുണ്ട്.*(സീറത്തുൽഹൽബിയ്യ വാല്യം 2, പേജ് 357, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബനാൻ).* കാരണം നബി(സ)തിരുമേനി യഹൂദികളുമായി ഉണ്ടാക്കിയ ഉടമ്പടിയിലെ ഒരു ഇനം അൻ യുആവിനൂഹു ഫിദ്ദിയാത്തി (അതായത് അവർ ദിയാധനത്തിന്റെ കാര്യത്തിൽ മുസ്‌ലിമീങ്ങളോടു സഹകരിക്കുന്നതാണ്)എന്നതുമായിരുന്നു. *(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാല്യം 7, പേജ് 172, പ്രസാധനം ബസം ഇഖ്ബാൽ ലാഹോർ 2022)*

ഈ സംഭവത്തിന്റെ വിശദാംശങ്ങൾ നേരത്തെ ബിഅ്ർ മഊനഃ സംഭവത്തിലും പറഞ്ഞു കഴിഞ്ഞതാണ്. അതായത് ഹദ്റത്ത് അംറ് ബിൻ ഉമയ്യ ളംരി, ബിഅ്ർ മഊനഃയിൽ നിന്ന് മദീനയിലേക്ക് തിരിച്ചുവരുമ്പോൾ ഖനാത്ത് എന്ന സ്ഥലത്തെത്തി. ഖനാത്ത്, മദീനക്കും ഉഹുദിനുമിടയിൽ മദീനയിലെ അറിയപ്പെടുന്ന 3 താഴ്‌വരകളിൽ ഒന്നാകുന്നു. ഇവിടെ കൃഷിയും മറ്റും നടന്നിരുന്നു. ഈ സ്ഥലത്തുവച്ച് ബനൂആമിറിലെ രണ്ടുപേരെ അദ്ദേഹം കാണുകയുണ്ടായി. നബി(സ)തിരുമേനി അവരുമായി ഉടമ്പടി ചെയ്തിട്ടുണ്ടായിരുന്നു. ഹദ്റത്ത് അംറ് അവരുടെ വംശാവലിയെ പറ്റി അന്വേഷിച്ചു. അവർ അത് പറയുകയും ചെയ്തു. അവർ രണ്ടുപേരും അദ്ദേഹത്തിന്റെ അടുത്തുതന്നെ കഴിച്ചുകൂട്ടി. അങ്ങനെ അവരിരുവരും ഉറങ്ങിയപ്പോൾ ഹദ്റത്ത് അംറ് ബിൻ ഉമയ്യ ളംരി അവരെ ആക്രമിക്കുകയും മരണക്കയത്തിലേക്ക് ഇറക്കുകയും ചെയ്തു. പിന്നീട് വളരെ പെട്ടെന്നുതന്നെ നബി(സ) തിരുമേനിയുടെ സവിധത്തിലെത്തി എല്ലാ കാര്യങ്ങളും വിവരിച്ചു കൊടുത്തു. നബി(സ) തിരുമേനി പറഞ്ഞു: നീ ചെയ്തത് വളരെ മോശമായിപ്പോയി. അവരുമായി നമ്മുടെ സമാധാന ഉടമ്പടിയുള്ളതാണ്. ഹദ്റത്ത് അംറ് ബിൻ ഉമയ്യ ളംരി പറഞ്ഞു: 'എനിക്ക് ഈ ഉടമ്പടിയെ പറ്റി അറിവില്ലായിരുന്നു. ഞാൻ അവരെ മുശ്‌രിക്കുകളും നമ്മളോടു

വഞ്ചന കാണിച്ചവരാണെന്നും മാത്രമാണ് മനസ്സിലാക്കിയിരുന്നത്. ഹദ്റത്ത് അംറ് അവരുടെ സാധനസാമഗ്രികളും വസ്ത്രങ്ങളും എല്ലാം കൊണ്ടു വന്നിരുന്നു. നബി[സ]തിരുമേനി അവരുടെ സാധനസാമഗ്രികളും വസ്ത്രങ്ങളും സന്തപ്ത കുടുംബത്തിന് കൊടുക്കാൻ കൽപ്പിച്ചു. നബി[സ]തിരുമേനി ഈ സാധനങ്ങൾ അവർക്കുള്ള ദിയാധനത്തിനൊപ്പം കൊടുത്തയച്ചു. അതിനുശേഷം നബി[സ]തിരുമേനി ശനിയാഴ്ച ദിവസം ബനൂ നളീറിന്റെ അടുത്തുപോയി. മസ്ജിദ് ഖുബയിൽ നമസ്കാരം അനുഷ്ഠിച്ചു. മുഹാജിരീനിലേയും അൻസ്വാറിലെയും ചില സ്വഹാബാക്കൾ നബി[സ]തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. നബി[സ]തിരുമേനി ബനൂനളീറിന്റെ അടുക്കലെത്തിയപ്പോൾ 10-ൽ കുറവ് സ്വഹാബാക്കളാണ് കൂടെ ഉണ്ടായിരുന്നത്. നബി[സ]തിരുമേനി അവിടെയെത്തിയപ്പോൾ. ബനൂനളീർ തങ്ങളുടെ സദസ്സുകളിൽ ഇരിക്കുന്നതായിട്ടാണ് കണ്ടത്. അവരുമായി സംസാരിക്കാനും ഹദ്റത്ത് അംറ് വധിച്ച രണ്ടാളുകളുടെ ദിയാധനം നൽകുന്ന കാര്യത്തിൽ തന്നോട് സഹകരിക്കുന്നതിന് അഭ്യർഥിക്കാനും നബി[സ]തിരുമേനി അവിടെ ഇരുന്നു. *(സുബുലുൽഹുദാ വർറശാദ്, വാല്യം 4, പേജ് 318, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1993)(ഫർഹങ്കെ സീറത്ത് പേജ് 239, പ്രസാധനം സവാർ അക്കാഡമി കറാച്ചി)*

ഈ യുദ്ധനീക്കത്തിന്റെ കാരണം വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്[റ] എഴുതുന്നു. ഇതിൽ നിന്ന് കുറെക്കാര്യങ്ങൾ വ്യക്തമാകുന്നുണ്ട്. ഈ യുദ്ധനീക്കത്തിന്റെ കാരണം വിശദീകരിച്ചുകൊണ്ട് ഹദീഥു കർത്താക്കളും ഗ്രന്ഥകാരന്മാരും വ്യത്യസ്ത കാരണങ്ങളാണ് പറയുന്നത്. ഈ ഭിന്നത കാരണം ഈ യുദ്ധനീക്കത്തിന്റെ കാലത്തെ സംബന്ധിച്ചും ഭിന്നത കാണപ്പെടുന്നുണ്ട്. ഹദ്റത്ത് മിർസാ (ബശീർ അഹ്മദ്) സാഹിബ് എഴുതുന്നു: ഞാൻ ഇബ്നു ഇസഹാഖിനെയും ഇബ്നു സഅ്ദിനെയുമാണ് പിന്തുടർന്നത്. ഞാൻ ഇവിടെ ഒരു ഗവേഷണവും നടത്താതെയാണ് അവരെ പിന്തുടർന്നത്. ബനൂനളീർ യുദ്ധനീക്കം, ഉഹുദു യുദ്ധത്തിനും ബിഅ്റെ മഊനഃ സംഭവത്തിനും ശേഷമാണ് വിവരിക്കുന്നത്. അതിനുള്ള കാരണമായി എഴുതുന്നു: അംറ്ബിൻ ഉമയ്യ ളംരിയെ സത്യനിഷേധികൾ, ബിഅ്റെ മഊനഃയുടെ അവസരത്തിൽ ബന്ദിയാക്കിയശേഷം വിട്ടയച്ചിരുന്നു. അങ്ങനെ അദ്ദേഹം മദീനയിൽ തിരിച്ചുവരുമ്പോൾ അദ്ദേഹം വഴിയിൽ ബനൂആമിറിലെ രണ്ടുപേരെ കാണുകയുണ്ടായി. അവരുമായി നബി[സ]തിരുമേനിക്ക് ഉടമ്പടി ഉണ്ടായിരുന്നതാണ്. പക്ഷേ, അംറിന് ഈ ഉടമ്പടിയെ സംബന്ധിച്ച് അറിയില്ലായിരുന്നു. അതുകൊണ്ട് അദ്ദേഹം അവസരം കിട്ടിയപ്പോൾ ബിഅ്റെ മഊനഃയുടെ പ്രതികാരമായി അവരിരുവരെയും വധിക്കുകയുണ്ടായി. അതിനുള്ള കാരണം ബനൂആമിർ ഗോത്രത്തലവനായ ആമിർ ബിൻ ത്വുഫയ്ൽ ആയിരുന്നു. ബനൂ ആമിർ ഗോത്രക്കാർ സ്വയം ഈ കൊലയിൽ ഭാഗഭാക്കായിരുന്നില്ല. അവർ യുദ്ധം ചെയ്തിരുന്നില്ല. പക്ഷേ, അവർ വഞ്ചിക്കുകയുണ്ടായി. അതുകൊണ്ട് അവർ തങ്ങളുടെ ശത്രുക്കളാണെന്ന് അദ്ദേഹം (ഹദ്റത്ത് അംറ്) കരുതുകയും അവരെ (രണ്ടുപേരെയും)വധിക്കുകയും ചെയ്തു. അംറ് ബിൻ ഉമയ്യ മദീനയിലെത്തിയപ്പോൾ അദ്ദേഹം നബി[സ]തിരുമേനിയുടെ അടുക്കലെത്തി എല്ലാ കാര്യങ്ങളും വിവരിച്ചു കൊടുത്തു. അതിൽ രണ്ടുപേരെ കൊന്ന കാര്യവും പറയുകയുണ്ടായി. അവർ രണ്ടുപേരെ കൊന്നു എന്നറിഞ്ഞപ്പോൾ നബി[സ]തിരുമേനി അംറ് ബിൻ ഉമയ്യയുടെ ഈ പ്രവൃത്തിയിൽ വളരെ നീരസം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു; അവരുമായി നമുക്ക് ഉടമ്പടിയുള്ളതാണ്. നബി[സ]തിരുമേനി ഉടൻതന്നെ അവരിരുവരുടെയും ദിയാധനം അവരുടെ കുടുംബത്തിന് അയച്ചുകൊടുക്കുകയുണ്ടായി. പക്ഷേ, ബനൂആമിർ ഗോത്രം ബനൂനളീറിന്റെയും കൂട്ടുകാർ ആയിരുന്നു. മുസ്ലിമീങ്ങളുടെ കൂട്ടുകാരുമായിരുന്നു ബനൂനളീർ. അതുകൊണ്ട് ദിയാധനത്തിന്റെ ഒരു പങ്ക് നൽകാൻ ബനൂനളീറും ബാധ്യസ്തരായിരുന്നു. അവർ പരസ്പരം ഉടമ്പടി ഉള്ളവരായിരുന്നു. മുസ്ലിമീങ്ങളോടും ഉടമ്പടിയുണ്ടായിരുന്നു. അതുകൊണ്ട് അവരും ഇതിൽ പങ്കാളിയായിരിക്കും. കുറച്ചു ഭാഗം അവരും നൽകേണ്ടതാണ്. അതുകൊണ്ട് നബി[സ]തിരുമേനി ഏതാനും സ്വഹാബാക്കളെയും കൂട്ടി ബനൂനളീറിന്റെ വാസസ്ഥലത്തെത്തി. അവരോടു എല്ലാ കാര്യവും പറഞ്ഞശേഷം ദിയാധനത്തിന്റെ വിഹിതം ചോദിച്ചു. അതായത് ഇന്ന വിധത്തിൽ അബദ്ധവശാൽ കൊലപാതകം നടന്നിരിക്കുന്നു. നമ്മൾ അതിനുള്ള ദിയാധനം കൊടുക്കാനുണ്ട്. നിങ്ങളുമായി ഞങ്ങളുടെ ഉടമ്പടി ഉള്ളതുകൊണ്ട് നിങ്ങൾ നിങ്ങളുടെ വിഹിതവും കൊടുക്കുക.'

വീണ്ടും എഴുതുന്നു: 'ഈ നിവേദനത്തെയാണ് ഭൂരിപക്ഷം ചരിത്രകാരന്മാരും എടുത്തത്. അങ്ങനെ ഈ ചരിത്രം പൊതുവിൽ പ്രസിദ്ധീകരിക്കപ്പെടുകയും പ്രസിദ്ധമാകുകയും ചെയ്തു. എന്നാൽ, ഇതിനു വിപരീതമായി ഇമാം സുഹ്‌രിയുടെ ഒരു നിവേദനം സ്വഹീഹ് ഹദീഥുകളിൽ വന്നിട്ടുണ്ട്. അതായത് ബദ്ർ യുദ്ധത്തിനു ശേഷം ഏതു വർഷത്തിൽ ഏതു മാസമാണ് മക്കാ മൂപ്പന്മാർ, നബി[സ]തിരുമേനിയ്ക്കും മുസ്ലിമീങ്ങൾക്കുമെതിരിൽ യുദ്ധം ചെയ്യണമെന്നും അല്ലെങ്കിൽ തങ്ങൾ നിങ്ങൾക്കെതിരിൽ യുദ്ധം ചെയ്യുമെന്നും പറഞ്ഞ് ബനൂനളീറിന് കത്തയച്ചതെന്ന് വ്യക്തമല്ല. ബനൂനളീർ, എന്തെങ്കിലും തന്ത്രപരമായ നീക്കത്തിലൂടെ നബി[സ]തിരുമേനിയെ വധിക്കാമെന്ന് പദ്ധതിയിട്ടിരുന്നു. അതിനുവേണ്ടി അവർ ആസൂത്രണം ചെയ്ത ഉപായം ഇപ്രകാരമായിരുന്നു; നബി[സ]തിരുമേനിയെ വല്ല കാരണവും പറഞ്ഞു തങ്ങളുടെ അടുക്കൽ വിളിച്ചുവരുത്തി വധിക്കാവുന്നതാണ്. അങ്ങനെ അവർ നബി[സ]തിരുമേനിയുടെ അടുക്കൽ ആളെ അയച്ചുകൊണ്ട് പറഞ്ഞു: താങ്കളുമായി ഞങ്ങളുടെ പണ്ഡിതന്മാർ ചർച്ച നടത്താനാഗ്രഹിക്കുന്നു. ഞങ്ങൾക്ക് താങ്കളുടെ സത്യസാക്ഷ്യം ബോധ്യമായാൽ ഞങ്ങൾ താങ്കളിൽ വിശ്വസിക്കുന്നതാണ്. അതുകൊണ്ട് താങ്കൾ ദയവായി താങ്കളുടെ 30 സ്വഹാബാക്കളുമായി വന്നാലും. ഞങ്ങളുടെ ഭാഗത്തുനിന്ന് 30 ഉലമാ പങ്കെടുക്കുന്നതാണ്. പിന്നെ ആശയവിനിമയം നടക്കുന്നതായിരിക്കും. ഒരു ഭാഗത്ത് അവർ നബി[സ]തിരുമേനിക്കു ഈ സന്ദേശം അയക്കുകയും മറുഭാഗത്ത് അവർ ഈ യഹൂദി ഉലമാഇന്റെ കൈയിൽ രഹസ്യമായി കഠാര ഉണ്ടായിരിക്കണമെന്നും തക്കം പാർത്ത് നബി[സ]തിരുമേനിയെ വധിക്കണമെന്നുമുള്ള ഗൂഢപദ്ധതിയനുസരിച്ച് മുഴുവൻ തയ്യാറെടുപ്പ് നടത്തുകയും ചെയ്തിരുന്നു. പക്ഷേ, ബനൂനളീർ ഗോത്രത്തിലെ ഒരു സ്ത്രീ അൻസ്വാറിലെ ഒരാൾക്ക് ഇദ്ദേഹം കുടുംബപരമായി ഈ സ്ത്രീയുടെ സഹോദരനുമായിരുന്നു, തന്റെ ഗോത്രക്കാരുടെ ഗൂഢാലോചനയെ പറ്റി യഥാസമയം അറിയിപ്പു നൽകുകയുണ്ടായി. നബി[സ]തിരുമേനി വീട്ടിൽനിന്ന് ഇറങ്ങുന്നതേ ഉണ്ടായിരുന്നുള്ളൂ. ഈ അറിയിപ്പു കിട്ടിയപ്പോൾ തിരിച്ചുപോകുകയും ഉടൻ തയ്യാറെടുപ്പ് നടത്താൻ നിർദ്ദേശം നൽകുകയും ചെയ്തു. അങ്ങനെ സ്വഹാബാക്കളുടെ ഒരു സംഘവുമായി ബനൂനളീറിന്റെ കോട്ടകൾ ലക്ഷ്യമാക്കി നീങ്ങി. അവിടെ എത്തിയതും അവരെ വളയുകയും ചെയ്തു. തുടർന്ന് അവരുടെ മൂപ്പന്മാർക്ക് ഇപ്രകാരം സന്ദേശം നൽകി; "ഇപ്പോൾ പ്രകടമായിരിക്കുന്ന അവസ്ഥകൾവച്ച്, നിങ്ങൾ ഞാനുമായി കരാർ ലംഘനവും കലാപവും നടത്തുകയില്ലെന്ന് പുതുതായി ഉടമ്പടി ചെയ്യുന്നില്ലെങ്കിൽ ഞാൻ നിങ്ങളെ മദീനയിൽ താമസിക്കാൻ അനുവദിക്കുന്നതല്ല." പക്ഷേ, യഹൂദികൾ ഉടമ്പടി ചെയ്യാൻ പൂർണമായും വിസമ്മതിച്ചു. അങ്ങനെ യുദ്ധത്തിന് ആരംഭം കുറിക്കുകയും ചെയ്തു. ബനൂനളീർ ധിക്കാരപൂർവം വീട്ടുതടങ്കലിൽത്തന്നെ കഴിച്ചുകൂട്ടി. അതായത് തങ്ങളുടെ പക്കൽ ശക്തിയുണ്ടെന്ന ധിക്കാരവും അഹങ്കാരവും പ്രകടിപ്പിച്ചുകൊണ്ട് വീടുകളിൽത്തന്നെ കഴിച്ചുകൂട്ടുകയുണ്ടായി. യഹൂദികളുടെ മറ്റൊരു ഗോത്രമായ ബനൂഖുറയ്ള്വയും നീരസത്തിലാണെന്ന് നബി[സ]തിരുമേനിക്ക് അറിയിപ്പ് കിട്ടുകയോ അതല്ല സാഹചര്യങ്ങൾവച്ച് നബി[സ]തിരുമേനി മനസ്സിലാക്കുകയോ ചെയ്യുകയുണ്ടായി. അതേത്തുടർന്ന് നബി[സ]തിരുമേനി സ്വഹാബാക്കളുടെ ഒരു സംഘത്തെയുംകൂട്ടി ബനൂഖുറയ്ള്വയുടെ കോട്ടകളെ ലക്ഷമാക്കി നീങ്ങി അവരെയും വളഞ്ഞു. രഹസ്യം പുറത്തായെന്ന് മനസ്സിലായപ്പോൾ ബനൂഖുറയ്ള്വ ഭയപ്പെടുകയും മാപ്പു ചോദിക്കുകയും പുതുതായി നബി[സ]തിരുമേനിയുമായി സമാധാനത്തിന്റെയും സഹകരണത്തിന്റെയും ഉടമ്പടി ചെയ്യുകയുമുണ്ടായി. തുടർന്ന് നബി[സ]തിരുമേനി അവരുമായുള്ള ഉപരോധം പിൻവലിക്കുകയും ചെയ്തു. പിന്നെ ബനൂനളീറിന്റെ കോട്ടകളിലെത്തുകയും ചെയ്തു. എന്നാൽ, ബനൂനളീർ തങ്ങളുടെ വാശിയിലും വൈരാഗ്യത്തിലും ഉറച്ചു നിൽക്കുകയാണുണ്ടായത്. അത് ഒരു യുദ്ധത്തിൽ കലാശിച്ചു.

ഈ രണ്ടു വ്യത്യസ്ത നിവേദനങ്ങളാണ് ബനൂനളീർ യുദ്ധനീക്കത്തെ സംബന്ധിച്ച് വിവരിക്കപ്പെട്ടിട്ടുള്ളത്. ചരിത്രപരമായി നോ

ക്കിയാൽ രണ്ടാമതു പറഞ്ഞ നിവേദനമാണ് കൂടുതൽ ശരിയായി തോന്നുന്നത്. മറ്റു ഹദീഥുഗ്രന്ഥങ്ങളിലും കൂടുതൽ ഹദീഥുകളുടെ പിന്തുണയും ഈ നിവേദനത്തിനു അനുകൂലമായിട്ടാണ് കാണുന്നത്. പക്ഷേ, ആദ്യത്തെ നിവേദനത്തെ ചരിത്രകാരന്മാർ കൂടുതലായി അവലംബിച്ചിരിക്കുന്നു. ചില സ്വഹീഹായ ഹദീഥുകളിലും ഇതിന്റെ പ്രബലതയിലേക്ക് സൂചനകളും ലഭിക്കുന്നുണ്ട്. ഇമാം ബുഖാരി, സുഹ്‌രിയുടെ വാക്കുകൾക്ക് മുൻഗണന നൽകുന്നുണ്ടെങ്കിൽ പോലും ആമിർ ഗോത്രത്തിലെ വധിക്കപ്പെട്ട രണ്ടുപേരുടെ ദിയാധനത്തെ സംബന്ധിച്ചും ചർച്ച ചെയ്യുന്നുണ്ട്. അതുകൊണ്ട് നമ്മുടെ വീക്ഷണത്തിൽ രണ്ട് നിവേദനങ്ങളേയും ശരിയാണെന്ന് മനസ്സിലാക്കി കൂട്ടിച്ചേർക്കുകയാണെങ്കിൽ അത് തെറ്റായിരിക്കുകയില്ല. അതേസമയം യുദ്ധത്തിന്റെ കാലഗണനയെ സംബന്ധിച്ച് ഈ നിവേദനങ്ങളിൽ ഏതെങ്കിലും ഒന്നിന് മുൻഗണന നൽകേണ്ടി വരും. കാരണം കാലഗണനയുടെ കാര്യത്തിൽ രണ്ട് നിവേദനങ്ങളെയും ശരിയാണെന്ന് അംഗീകരിക്കാൻ സാധ്യമല്ല. ബനൂനളീറിന്റെ ഭാഗത്തുനിന്ന് വ്യത്യസ്ത സമയങ്ങളിൽ യുദ്ധ സാഹചര്യം സൃഷ്ടിക്കപ്പെട്ടെങ്കിലും നബി(സ) തിരുമേനി അവർക്ക് സാവകാശം നൽകിക്കൊണ്ടിരിക്കുകയും മാപ്പാക്കിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നുവെന്ന് മനസ്സിലാകുന്നു. എന്നാൽ, അവസാന കാരണമായ ബിഅരെ മഊനഃ സംഭവമുണ്ടായപ്പോൾ നബി(സ)തിരുമേനി അവരുടെ എല്ലാ നീക്കങ്ങളും ഓർമിപ്പിച്ചുകൊണ്ട് അവർക്കെതിരിൽ യുദ്ധനീക്കം നടത്തുകയാണുണ്ടായത്. അതായത് ഈ പറഞ്ഞ എല്ലാ കാരണങ്ങളും അതിന്റേതായ തലങ്ങളിൽ ശരിയാകുന്നു. പക്ഷേ, അവസാന നീക്കത്തിനുള്ള കാരണം ബനൂനളീറിന്റെ രണ്ടു വധിക്കപ്പെട്ടവരുടെ ദിയാധനം ആവശ്യപ്പെട്ടപ്പോഴുണ്ടായ കാര്യമാകുന്നു. ***വല്ലാഹു അഅ്‌ലമു ബിസ്സ്വവാബ്.*** ഞാൻ വിവരിച്ച ഈ എല്ലാ കാര്യങ്ങളും സീറത്ത് ഖാത്തമുന്നബിയ്യീനിൽ നിന്നെടുത്തതാണ്. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്‌റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ(റ), പേജ് 522-525)*

തുടർന്നെഴുതുന്നു: ബനൂനളീർ നബി(സ) തിരുമേനിയെ വധിക്കാൻ ശ്രമിച്ച നെറികെട്ട ഗൂഢാലോചനയും അതിന് ഒരു കാരണമായിട്ടുണ്ട്. ഇതു സംബന്ധമായി പറഞ്ഞു വന്നതുപോലെ, നബി(സ)തിരുമേനി സ്വഹാബാക്കളുടെ ഒരു സംഘത്തെയും കൂട്ടി ബനൂനളീറിന്റെ അടുക്കൽച്ചെന്നു. നബി(സ)തിരുമേനി ശനിയാഴ്ചയാണ് പോയത്. നബി(സ)തിരുമേനി മുഹാജിരീങ്ങളും അൻസ്വാറുമടങ്ങുന്ന സംഘത്തോടൊപ്പം മസ്ജിദ് ഖുബയിൽ നമസ്കരിക്കുകയും പിന്നെ ഉടമ്പടി പ്രകാരം ബനൂനളീറിന്റെ അടുക്കലെത്തി ദിയാധനത്തിന്റെ ആവശ്യമുന്നയിക്കുകയും ചെയ്തു.*(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 437, 391. ദാറുസ്സലാം റിസർച്ച് സെന്റർ)*

നബി(സ)തിരുമേനിയുടെ കൂടെക്കൊണ്ടുപോയ സ്വഹാബാക്കളുടെ എണ്ണം പത്തിൽ താഴെയായിരുന്നു. ഈ നിവേദനത്തിൽ പറയുന്നു, അവരിൽ ഹദ്‌റത്ത് അബൂബക്ർ(റ), ഹദ്‌റത്ത് ഉമർ(റ), ഹദ്‌റത്ത് അലി(റ) എന്നിവർ ഉണ്ടായിരുന്നു. ഹദ്‌റത്ത് സുബൈർ(റ), ഹദ്‌റത്ത് ത്വൽഹ(റ), ഹദ്‌റത്ത് സഅ്ദ് ബിൻ മുആദ്(റ) ഹദ്‌റത്ത് ഉസയ്ദ് ബിൻ ഹുളയ്ർ(റ), ഹദ്‌റത്ത് സഅ്ദ് ബിൻ ഉബാദ(റ) എന്നിവരുടെ പേരുകളും കാണുന്നുണ്ട്. *(കിതാബുൽമഗാസി, വാള്യം 1, പേജ് 309, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 2003)*

നബി(സ)തിരുമേനി അവിടെച്ചെന്ന് യഹൂദികളോടു ദിയാധനത്തെ സംബന്ധിച്ച് പറഞ്ഞപ്പോൾ അവർ പറഞ്ഞു: 'അതേ, അതേ! അബുൽ ഖാസിം. ആദ്യം താങ്കൾ ഭക്ഷണം കഴിച്ചാലും. പിന്നെ താങ്കളുടെ കാര്യത്തിൽ വരാം.' ഇങ്ങനെ യഹൂദികൾ പ്രത്യക്ഷത്തിൽ വലിയ സുസ്മേര വദനരായി നബി(സ)തിരുമേനിയോടു സംസാരിക്കുകയുണ്ടായി. അതേസമയം അണിയറയിൽ നബി(സ)തിരുമേനിയെ വധിക്കാനുള്ള ഗൂഢാലോചന നടക്കുകയായിരുന്നു. ആ സമയത്ത് നബി(സ) തിരുമേനി വീടുകളുടെ തണലിൽ ഒരു ഭാഗത്തിരിക്കുകയായിരുന്നു. യഹൂദികൾ കൂടിയാലോചനക്കുശേഷം പരസ്പരം പറഞ്ഞു: ഇദ്ദേഹത്തെ അതായത് നബി(സ) തിരുമേനിയെ ഇല്ലാതാക്കാൻ ഇതിലും നല്ല ഒരവസരം ഇനി നിങ്ങൾക്ക് കിട്ടാനില്ല. അതുകൊണ്ട് ഈ വീടിനു മുകളിൽ കയറി ചുമരിലൂടെ ഒരു വലിയ കല്ല് നബി(സ)തിരുമേനിയുടെ മുകളിലേക്കിട്ട് അദ്ദേഹത്തിൽ നിന്ന് തങ്ങളെ രക്ഷിക്കാൻ ആരുണ്ട്?*(സീറത്തുൽഹൽബിയ്യ വാള്യം 2, പേജ് 357 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ)*

മറ്റൊരു ഗ്രന്ഥകാരൻ ഈ സംഭവം വിവരിച്ചുകൊണ്ടെഴുതുന്നു: അവരുടെ നേതാവ് ഹുയ്യബ്നു അഖ്ത്വബ് പറഞ്ഞു: അല്ലയോ യഹൂദ സംഘമേ! മുഹമ്മദ്(സ) തന്റെ സുഹൃത്തുക്കളോടൊപ്പം നിങ്ങളുടെ അടുക്കൽ വന്നിരിക്കുകയാണ്. അവരുടെ എണ്ണം പത്തിൽ താഴെയാണ്. ഈ വീടിന്റെ ചുമരിലൂടെ കല്ല് താഴേക്കിട്ട് മുഹമ്മദ്(സ)നെ വധിക്കണം. നിങ്ങൾക്ക് ഇതിനേക്കാൾ നല്ലൊരു അവസരം ഇനി കിട്ടുകയില്ല. അദ്ദേഹത്തെ കൊല്ലുകയാണെങ്കിൽ അദ്ദേഹത്തിന്റെ കൂട്ടുകാർ പിരിഞ്ഞു പോകുകയും മക്കയിൽനിന്ന് വന്ന അദ്ദേഹത്തിന്റെ കൂട്ടുകാർ തിരിച്ചു മക്കയിലേക്കു പോകുകയും ചെയ്യുന്നതാണ്. ഇവിടെ നിങ്ങളുടെ കൂട്ടുകാരായ ഔസും ഖസ്റജും മാത്രം ശേഷിക്കുന്നതുമാണ്. അതുകൊണ്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്നത് ഉടനെ ചെയ്തു കൊള്ളുക. അപ്പോൾ ദുർഭഗനായ ഒരു യഹൂദി അംറ് ബിൻ ജഹ്ഹാശ് പറഞ്ഞു: 'ഞാൻ ആ വീടിനു മുകളിൽ കയറി കല്ല് താഴേക്കിട്ട് മുഹമ്മദ്(സ)നെ നഊദുബില്ലാഹ് കൊല്ലാം.' ഈ എല്ലാ ആലോചനകളും നടക്കുമ്പോൾ ബനൂനളീറിലെ ഒരു നേതാവ് സല്ലാം ബിൻ മിശ്കം പറഞ്ഞു: "അല്ലയോ യഹൂദ സംഘമേ! നിങ്ങൾ ജീവിതകാലം മുഴുവനും എന്നെ എതിർത്തു കൊള്ളുക, പക്ഷേ, ഇപ്പോൾ ഞാൻ പറയുന്നത് അനുസരിക്കണം. അല്ലാഹുവാണെ സത്യം! നിങ്ങളുടെ ഈ ഉദ്ദേശ്യത്തെപ്പറ്റി മുഹമ്മദ്(സ)നു അറിവ് ലഭിക്കുന്നതാണ്. മാത്രമല്ല ഇത് നമ്മളും അവരും തമ്മിലുള്ള ഉടമ്പടിക്ക് വിരുദ്ധവുമായിരിക്കും. എന്നാൽ, യഹൂദികൾ അദ്ദേഹം പറഞ്ഞതൊന്നും കേൾക്കാൻ കൂട്ടാക്കിയില്ല. തങ്ങളുടെ ശാഠ്യത്തിൽത്തന്നെ ഉറച്ചുനിന്നു. *(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 39-40, പ്രസാധനം ദാറുസ്സലാം റിയാള് 1434)*

തുടർന്നുണ്ടായ കാര്യങ്ങളെ പറ്റി, അതായത് അവർ എങ്ങനെയാണ് വധശ്രമം നടത്തിയത്, അല്ലാഹു എങ്ങനെയാണ് നബി(സ) തിരുമേനിയെ രക്ഷിക്കുകയും അവരുടെ ഗൂഢപദ്ധതികൾ പരാജയപ്പെടുത്തുകയും ചെയ്തത് എന്നെല്ലാം ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

അവസാനമായി ഞാൻ പാക്കിസ്താനിലെ അഹ്‌മദികൾക്കു വേണ്ടി പ്രത്യേകമായും ദുആക്ക് പറയാൻ ആഗ്രഹിക്കുകയാണ്. അവർക്കുമേൽ വീണ്ടും കാഠിന്യം ചെലുത്തിക്കൊണ്ടിരിക്കുന്നു. അല്ലാഹു എത്രയും വേഗം പാകിസ്താനി അഹ്‌മദികളെയും ഈ അക്രമകാരികളിൽനിന്ന് രക്ഷിക്കുമാറാകട്ടെ. അവിടെയും നമ്മുടെ അവസ്ഥകൾ നന്നാകുമാറാകട്ടെ. ചെറിയ ചെറിയ കാര്യങ്ങളിൽ കേസും അസ്വസ്ഥതയും ഉണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ജുമുഅക്കുശേഷം ഞാൻ ജനാസയും നമസ്കരിപ്പിക്കുന്നതാണ്. ആദ്യം അവരെ അനുസ്മരിക്കുകയാണ്.

ആദ്യത്തെ അനുസ്മരണം ഗുലാം സർവർ സാഹിബ് ശഹീദ് ഇബ്നു ബശീർ

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപ്പിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**

*(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)*

ത്വാലിബെ ദുആ:
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**"പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'"**

*(ജുമുഅ ഖുത്ബ 4-10-2019)*

ത്വാലിബെ ദുആ:
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

അഹ്മദ് സാഹിബിന്റേതാണ്. അതോടൊപ്പം രണ്ടാമത്തെ അനുസ്മരണം റാഹത്ത് അഹ്മദ് സാഹിബ് ബാജ്‌വ സാഹിബ് ഇബ്നു മുശ്താഖ് അഹ്മദ് സാഹിബ് ബാജ്‌വ സാഹിബിന്റേതാണ്. ഇവർ മണ്ഡി ബഹാഉദ്ദീൻ ജില്ലയിലെ സഅ്ദുല്ലാപൂർ നിവാസികളാണ്. ഇവരെ ജൂൺ എട്ടാം തിയതി ശഹീദാക്കുകയുണ്ടായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

ഒരു അഹ്മദിയ്യാ വിരോധി ഒന്നിനു ശേഷം മറ്റൊന്നായി ഫയർ ചെയ്ത് ഗുലാം സർവർ സാഹിബിനെയും റാഹത്ത് ബാജ്‌വ സാഹിബിനെയും ശഹീദാക്കുകയുണ്ടായി. ശഹാദത്ത് വേളയിൽ ഗുലാം സർവർ സാഹിബിന് 64 വയസും റാഹത്ത് ബാജ്‌വ സാഹിബിന് 30 വയസുമായിരുന്നു. കിട്ടിയ വിവരങ്ങൾ പ്രകാരം, ഗുലാം സർവർ സാഹിബ് സഅ്ദുല്ലാഹ്പൂർ അഹ്മദിയ്യാ മസ്ജിദിൽനിന്ന് ളുഹ്ർ നമസ്കാരത്തിനുശേഷം വീട്ടിൽ പോകുമ്പോൾ വീടിനടുത്ത് അഹ്മദിയ്യാ ശത്രുവായ പ്രാദേശിക മദ്റസയിലെ വിദ്യാർഥി സയ്യിദ് അലി രിളാ, ഗുലാംസർവർ സാഹിബിനെ പിന്തുടർന്ന് വെടിവെക്കുകയാണുണ്ടായത്. തലയിൽ വെടിയേറ്റതിനാൽ അദ്ദേഹം സംഭവസ്ഥലത്തു തന്നെ ശഹീദായി. സംഭവത്തിനുശേഷം ഘാതകൻ അവിടെനിന്ന് പോകുകയും ഗ്രാമത്തിന്റെ മറുഭാഗത്തെത്തി മറ്റൊരു അഹ്മദിയായ റാഹത്ത് അഹ്മദ് ബാജ്‌വ സാഹിബിനു നേരേയും വെടിയുതിർത്ത് അദ്ദേഹത്തെയും ശഹീദാക്കുകയുണ്ടായി. അതിനുശേഷം ഘാതകനെ പിടികൂടുകയും ചെയ്തു. സംഭവത്തിനുശേഷം ഘാതകൻ തന്റെ മൊഴിയിൽ പോലീസിനോടു പറഞ്ഞു: ഞാൻ തന്നെയാണ് അവരെ വധിച്ചത്, ഞാൻ അത് ചെയ്തത് സ്വർഗം കരസ്ഥമാക്കാൻ വേണ്ടിയാണ്. അയാൾ പറഞ്ഞു: ഞാൻ ചെയ്തതെല്ലാം സ്വർഗം നേടാൻ വേണ്ടിയാണ്. ഞാൻ മറ്റേതെങ്കിലും അഹ്മദിയെ കണ്ടാൽ അയാളുടെ ജീവനെടുക്കുന്നതിലും അമാന്തിക്കുമായിരുന്നില്ല.

മൗലവിമാർ പഠിപ്പിച്ച ഇസ്‌ലാമിന്റെ അധ്യാപനത്തിന്റെ പ്രതിഫലനമാണ് ഇതെല്ലാം. ഇതാണ് ഇവർ നൽകുന്ന ഇസ്‌ലാമിക പാഠം. ഇവർ ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുകയാണ്. അല്ലാഹു ഇവരെ എത്രയും വേഗം പിടികൂടാനുള്ള സാഹചര്യമൊരുക്കുമാറാകട്ടെ.

ഗുലാം സെർവർ സാഹിബിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് ശറഫുദ്ദീൻ സാഹിബ് മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. അദ്ദേഹം പ്ലേഗിന്റെ അടയാളത്തിൽ പ്രഭാവിതനായി മറ്റു ആളുകളോടൊപ്പം മൗലാനാ ഗുലാം റസൂൽ സാഹിബ് രാജേകി മുഖേനയാണ് ബയ്അത്ത് ചെയ്തത്. പിന്നീട് 1903–ൽ ഝലം കേസിന്റെ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഝലമിൽ വന്നപ്പോൾ അദ്ദേഹത്തെ അവിടെ സന്ദർശിക്കുന്നതിനും സൗഭാഗ്യം ലഭിക്കുകയുണ്ടായി.

ശഹീദ് മർഹൂം അല്ലാഹുവിന്റെ അനുഗ്രഹത്താൽ വസിയ്യത്ത് പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. അഞ്ചുനേരം നമസ്കാരങ്ങൾ ജമാഅത്തായി അനുഷ്ഠിക്കുന്നതിൽ കൃത്യനിഷ്ഠയുള്ള ആളും തഹജ്ജുദ് നമസ്കരിക്കുന്ന ആളുമായിരുന്നു. ധാരാളമായി സ്വലാത്ത് ചൊല്ലുമായിരുന്നു. നഫൽ നോമ്പുകൾക്ക് പുറമേ വിശുദ്ധ ഖുർആൻ പാരായണത്തിലും അദ്ദേഹത്തിന് പ്രത്യേകം താൽപര്യമുണ്ടായിരുന്നു. കൂടാതെ ജമാഅത്ത് പുസ്തകങ്ങൾ കൃത്യമായി പാരായണം ചെയ്തിരുന്നു. ജമാഅത്തിനുവേണ്ടി എല്ലാ ദിവസവും നഫ്ൽ നമസ്കരിക്കുകയും ചെയ്യുമായിരുന്നു. രണ്ടു റക്അത്ത് നഫ്ൽ ഏതായാലും നമസ്കരിച്ചിട്ടുണ്ടായിരുന്നു. എല്ലാ ദിവസവും കൃത്യമായി സ്വദഖയും കൊടുത്തിരുന്നു. ആരും അറിയാതെ ആവശ്യക്കാർക്ക് സഹായം ചെയ്തു കൊടുക്കുമായിരുന്നു. സഹായം ചോദിച്ചു വരുന്ന ആരെയും വീട്ടിൽ നിന്ന് വെറുംകൈയോടെ മടക്കുമായിരുന്നില്ല. തദ്ദേശജമാഅത്തിൽ ജനറൽ സെക്രട്ടറി സ്ഥാനത്തിനു പുറമേ സഅ്ദുല്ലാഹ്പൂർ അത്ഫാൽ മുറബ്ബിയായും സേവനംചെയ്യാൻഅവസരംലഭിച്ചിട്ടുണ്ട്.ദഅ്വത്തെ ഇലല്ലായിൽ വളരെ താൽപര്യമുള്ള ആളായിരുന്നു. ഒരുപാട് സുമനസ്സുകൾക്ക് അദ്ദേഹം മുഖേന ബയ്അത്ത് ചെയ്യുന്നതിന് അവസരം ലഭിച്ചിട്ടുണ്ട്. നേരത്തെ കലിമ സംബന്ധമായ കാര്യത്തിൽ മറ്റു അഹ്മദികളോടൊപ്പം മൂന്നു നാലു ദിവസം കേസൊന്നും രേഖപ്പെടുത്താതെതന്നെ അസീറാനെ ***രാഹെ മൗലാ*** അഥവാ ദൈവമാർഗത്തിൽ കൽത്തുറുങ്കിൽ കഴിയാനും സൗഭാഗ്യം ലഭിച്ചിട്ടുണ്ട്.

മർഹൂമിന്റെ സഹോദര പുത്രൻ ജില്ലാ ഖാഇദ് ശാഹിദ് ഇംറാൻ പറയുന്നു: ജമാഅത്തിന്റെ ചരിത്രത്തിൽ തന്റെപേര് തങ്കലിപികളാൽ എഴുതപ്പെടുന്ന രീതിയിലുള്ള എന്തെങ്കിലും പ്രവർത്തനം തനിക്കു ചെയ്യാൻ കഴിയേണമേ എന്ന് മർഹൂം ഏതുസമയത്തും ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ടായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ആഗ്രഹം ഇത്തരത്തിലാണ് പൂർത്തിയാക്കിയത്.

സന്തപ്ത കുടുംബത്തിൽ ഭാര്യ സാജിദ പർവിൻ സാഹിബയെ കൂടാതെ രണ്ട് ആൺമക്കളും നാല് പെൺമക്കളുമുണ്ട്. രണ്ടു ചെറിയ പെൺമക്കളിൽ ഒരാൾ എഫ്.എസ്.സി പഠിച്ചു കൊണ്ടിരിക്കുന്നു. മറ്റൊരാൾ മെട്രിക് വിദ്യാർഥിനിയാണ്. മറ്റു മക്കളുടെ വിവാഹം കഴിഞ്ഞിരിക്കുന്നു. പറയുന്നു: അദ്ദേഹത്തിന്റെ അനുസരണശീലം വളരെ ഉന്നത നിലവാരത്തിലുള്ളതായിരുന്നു. സ്വദർ ജമാഅത്ത് പറയുന്നു: എനിക്ക് കുടുംബ ബന്ധവുമുണ്ട്. ചില സമയത്ത് അദ്ദേഹവുമായി അഭിപ്രായവ്യത്യാസങ്ങളുമുണ്ടായിട്ടുണ്ട്. പരസ്പര ബന്ധത്തിൽ ചില സമയത്ത് ഏറ്റക്കുറച്ചിലുകൾ വരാറുണ്ട്. പക്ഷേ, ജമാഅത്തിന്റെ ഏത് വിഷയമാണെങ്കിലും അദ്ദേഹം പറയുമായിരുന്നു, 'താങ്കൾ സ്വദർ ജമാഅത്താണ്, താങ്കൾ എന്തുപറഞ്ഞാലും അത് ഞാൻ പൂർണമായും പാലിക്കുന്നതായിരിക്കും.' ഈ ഉന്നത നിലവാരമാണ് അദ്ദേഹം കാണിച്ചത്. ആളുകൾ വ്യക്തിപരമായ കാര്യങ്ങളെ മുൻനിറുത്തി ജമാഅത്ത് സംവിധാനവുമായി സഹകരിക്കുന്നില്ലെന്ന് പറഞ്ഞുകൊണ്ട് ഒരുപാടു പരാതികൾ വരാറുണ്ട്. എന്നാൽ, അദ്ദേഹമൊരിക്കലും അത് പ്രകടിപ്പിക്കുന്ന ആളായിരുന്നില്ല. പൂർണ്ണമായ കീഴ്‌വണക്കത്തോടുകൂടി സംവിധാനത്തെ അനുസരിക്കുമായിരുന്നു.

ജില്ലാ മുറബ്ബി മാലിക് അമാനുള്ള സാഹിബ് പറയുന്നു: ഞാൻ ഗുലാം സെർവർ സാഹിബിൽ കണ്ടിട്ടുള്ള പ്രത്യേകതയെന്തെന്നാൽ, അദ്ദേഹം മസ്ജിദിൽ എപ്പോഴും നേരത്തെ വന്ന് ഒന്നാമത്തെ സ്വഫ്ഫിൽ വലതുഭാഗത്തിരിക്കുമായിരുന്നു. ദിക്റെ ഇലാഹിയിൽ മുഴുകിയിരുന്നു. വളരെ വിനയാനതനും എല്ലാവരുമായും നല്ല രീതിയിൽ ഇടപഴുകുന്ന ആളുമായിരുന്നു. ഖിലാഫത്തുമായി പ്രത്യേക സ്നേഹബന്ധം പുലർത്തിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പുസ്തകങ്ങളുടെ പാരായണത്തിന് പ്രത്യേക താൽപര്യവുമുണ്ടായിരുന്നു. തബ്‌ലീഗിൽ അതീവ തൽപരനായിരുന്നു. അതുകൊണ്ട് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ മജ്‌ലിസെ ഇർഫാനും മറ്റു ഓഡിയോ വീഡിയോകളും തന്റെ കൈയിൽ കരുതിയിരുന്നു. വളരെ താൽപര്യത്തോടെ അത് കേൾക്കുകയും കാണുകയും ചെയ്യുമായിരുന്നു.

ഒരു മുറബ്ബി എഴുതുന്നു: ഞാൻ സ്വപ്നത്തിൽ മസ്ജിദിൽ ആക്രമണം നടക്കുന്നതായും അതിൽ താൻ ശഹീദായതായും കാണുകയുണ്ടായി. അതായത് മുറബ്ബി. ഈ സ്വപ്നം കേൾപ്പിച്ചപ്പോൾ ശഹീദ് മർഹൂം പറഞ്ഞു: ഞാനാണോ അല്ല താങ്കളാണോ ആദ്യം ശഹീദ് ആകുന്നതെന്ന് നോക്കാമല്ലോ. ഒരുപക്ഷേ, അദ്ദേഹത്തിന്

## • അമീറുൽമുഅ്മിനീന്റെ ഉപദേശം •

**'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**

*(ജുമുഅ ഖുത്ബ 4-10-2019)*

**ത്വാലിബെ ദുആ:**
K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH, VANIYAMBALAM, KERALA

## • അല്ലാഹുവിന്റെ കലാം •

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ."**

*(വിശുദ്ധ ഖുർആൻ 3:148)*

**ത്വാലിബെ ദുആ:**
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

നേരത്തെതന്നെ വല്ല സൂചനയും ഇത് സംബന്ധിച്ച് ലഭിച്ചിട്ടുണ്ടാകും. അതുകൊണ്ടായിരിക്കും അദ്ദേഹം അങ്ങനെ പറഞ്ഞത്. അല്ലാഹു അദ്ദേഹത്തിന്റെ സ്ഥാനങ്ങൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ തലമുറയ്ക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്ന് കൊണ്ടുപോകാൻ സൗഭാഗ്യം ലഭിക്കുമാറാകട്ടെ. തികഞ്ഞ കൂറോടുകൂടി ജീവിക്കാൻ തൗഫീഖ് നൽകുകയും ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ അനുസ്മരണം റാഹത്ത് അഹ്മദ് ബാജ്‌വ സാഹിബിനെ കുറിച്ചാണ്. ഇദ്ദേഹം മുശ്താഖ് അഹ്മദ് ബാജ്‌വ സാഹിബിന്റെ മകനായിരുന്നു. പറയുന്നതു പ്രകാരം, ബസ്സ്റ്റാൻഡിലുള്ള തന്റെ ഭക്ഷണശാലയിൽനിന്ന് വീട്ടിലേക്ക് തിരിച്ച് വരികയായിരുന്നു. നേരത്തെ പറഞ്ഞ ഘാതകൻ അലി രിളാ അദ്ദേഹത്തെയും വെടിവെക്കുകയാണുണ്ടായത്. അദ്ദേഹത്തിന് തലയിൽ വെടികൊണ്ടതിനാൽ തൽസമയം തന്നെ ശഹീദാവുകയും ചെയ്തു. റാഹത്ത് അഹ്മദ് ബാജ്‌വ സാഹിബിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെ പിതാമഹൻ റശീദ് അഹ്മദ് സാഹിബ് മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. ഇദ്ദേഹം തന്റെ സഹോദരൻ മുഖേന 1978-ലാണ് ബയ്അത്ത് ചെയ്തത്. ശഹീദ് മർഹൂം വസിയ്യത്ത് വ്യവസ്ഥിതിയിൽ ചേർന്നിരുന്നു. ഏതു അഹ്മദി ശഹീദായെന്ന വാർത്ത കേട്ടാലും അദ്ദേഹം വളരെ അസൂയയോടു കൂടി ഇങ്ങനെ പറയുമായിരുന്നു; ഈ സ്ഥനമെല്ലാം സൗഭാഗ്യമുള്ളവർക്കു മാത്രമാണ് കിട്ടാറുള്ളത്. ഇദ്ദേഹം ഖിലാഫത്തിനോടു വളരെയേറെ സ്നേഹബന്ധമുള്ള ആളായിരുന്നു. അതിഥി സൽക്കാരം അദ്ദേഹത്തിന്റെ പ്രത്യേക സവിശേഷതയുമായിരുന്നു. വളരെ സുസ്മേര വദനനും എല്ലാവരോടും സ്നേഹത്തോടെ പെരുമാറുന്ന വ്യക്തിയും ആയിരുന്നു. ആരെങ്കിലും എന്തെങ്കിലും കാര്യങ്ങൾ മോശമായി പറയുകയാണെങ്കിൽ വളരെ ഉചിതമായ മറുപടി കൊടുക്കുമായിരുന്നു.

2018-ൽ ഖാദിയാനിൽ പോയപ്പോൾ എല്ലാ സമയത്തും മസ്ജിദിൽ അല്ലെങ്കിൽ ബയ്ത്തുദ്ദുആയിൽ ദുആകളിൽ മുഴുകി ഇരിക്കുമായിരുന്നു. എപ്പോൾ ജമാഅത്തിന്റെ സേവനത്തിന് വിളിച്ചാലും ഉടൻതന്നെ എല്ലാ ജോലികളും ഒഴിവാക്കി സന്നിഹിതനാകുമായിരുന്നു. ജമാഅത്ത് പ്രോഗ്രാമുകൾ സംബന്ധിച്ച് അതിഥി സൽക്കാരത്തിനുവേണ്ടി ഭക്ഷണം സ്വയം തയ്യാറാക്കുമായിരുന്നു. കാരണം അദ്ദേഹത്തിന് സ്വന്തമായി ഭക്ഷണശാലയുമുണ്ടായിരുന്നു. അദ്ദേഹത്തിന് വഖ്ഫുചെയ്തു ദാറുള്ളിയാഫത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കണമെന്ന അതിയായ ആഗ്രഹമുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ ഒരു കസിൻ ജാമിഅയിൽ പഠിക്കുന്നുണ്ട്. പറയുന്നു, എന്നെ കാണുമ്പോഴെല്ലാം അദ്ദേഹം എന്നെ ഇങ്ങനെ ഉപദേശിക്കുമായിരുന്നു: ഒരിക്കലും നന്ദികേട് കാണിക്കരുത്. അവസാനം വരെയും വഖ്ഫു നിറവേറ്റണം. അങ്ങനെയാണെങ്കിൽ മാത്രമേ നമ്മുടെ കുടുംബത്തിന്റെ അന്തസ്സ് നിനക്ക് നിലനിറുത്താൻ കഴിയുകയുള്ളൂ.

ശഹീദ് മർഹൂമിന്റെ സന്തപ്ത കുടുംബത്തിൽ മാതാപിതാക്കളെ കൂടാതെ ഭാര്യ അമർത്തുന്നൂർ സാഹിബയും രണ്ട് പെൺമക്കൾ അതായത് നാലു വയസുള്ള ജുവയ്രിയയും ഒന്നര വയസുള്ള സമിൽ റാഹത്തുമുണ്ട്. അല്ലാഹു ഈ ശുഹദാഇന് ജന്നത്തുൽ ഫിർദൗസിൽ ഉന്നത സ്ഥാനം നൽകുമാറാകട്ടെ. അവരോടു പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. എല്ലാ സന്തപ്ത കുടുംബത്തിനും നല്ല സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. അവരെ തന്റെ സംരക്ഷണയിൽ വയ്ക്കുമാറാകട്ടെ.

ഇതോടൊപ്പം മറ്റൊരു ജനാസ കൂടിയുണ്ട്.അത് മലിക്ക് മുസഫ്ഫർ ഖാൻ ജോഇയായുടേതാണ്. ഇദ്ദേഹം കഴിഞ്ഞ ദിവസം 93-ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മർഹൂം മൂസിയായിരുന്നു. അദ്ദേഹത്തിന്റെ മകൻ മുഹമ്മദ് മുത്തീയുല്ലാഹ് ജോയിയ സാഹിബ് മുറബ്ബിയാണ്. ഇപ്പോൾ ഹവായി യി എന്ന സ്ഥലത്താണുള്ളത്. ട്രാവൽ ഡോക്യുമെന്റ്സ് ഇല്ലാത്തതു കാരണം പിതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല . മുറബ്ബി സാഹിബ് എഴുതുന്നു: പിതാവ് വളരെ ദീനുള്ളയാളും മുത്തഖിയും സാധുസംരക്ഷകനും തഹജ്ജുദ് നമസ്കരിക്കുന്ന ആളും അഞ്ചുനേര നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ള ആളും കൃത്യമായി വിശുദ്ധ ഖുർആൻ തർജ്ജമയോടു കൂടി പാരായണം ചെയ്യുന്ന നല്ല ആത്മാർഥതയുള്ള വ്യക്തിയും ആയിരുന്നു.

24 വയസ്സുള്ളപ്പോൾ 1953-ൽ അദ്ദേഹം നേരിട്ട് അഹ്മദിയ്യത്ത് സ്വീകരിക്കുകയാണ് ചെയ്തത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷം അദ്ദേഹത്തിൽ വിപ്ലവകരമായ മാറ്റമാണുണ്ടായത്. അന്നു മുതൽ അദ്ദേഹം ഇബാദത്തിലും ഖിലാഫത്തിനോടുള്ള കൂറിലും മനുഷ്യ സേവനത്തിലും മാതൃകാപരമായ ജീവിതമാണ് നയിച്ചത്. അദ്ദേഹത്തിന് ജീവിതത്തിൽ വ്യത്യസ്ത നിലകളിൽ ജമാഅത്തുപരമായ സേവനത്തിന് അവസരം ലഭിച്ചിട്ടുണ്ട്. 15 വർഷത്തോളം തന്റെ ജമാഅത്തായ ചെക്ക് 152 ശിമാലിയിൽ ജമാഅത്ത് സ്വദ്റായിരുന്നു. പറയുന്നു: ഞങ്ങളൊരിക്കലും അദ്ദേഹത്തിൽനിന്ന് ജമാഅത്ത് ഭാരവാഹികളെ കുറിച്ച് പരാതികളൊന്നും കേട്ടിട്ടേയില്ല. എപ്പോഴും അദ്ദേഹം ഉപദേശിച്ചു കൊണ്ടിരുന്നത് ജമാഅത്തിലെ ഭാരവാഹി അത് സായിഖ് ആണെങ്കിൽ പോലും നിങ്ങളുടെ വീട്ടിൽ വന്നാൽ കാലത്തിന്റെ ഖലീഫയുടെ പ്രതിനിധി എന്ന നിലയ്ക്ക് അദ്ദേഹത്തെ ആദരിക്കേണ്ടത് നിങ്ങളുടെ കടമയാണെന്നാണ്. സ്വന്തം നിലയ്ക്കും എപ്പോഴും ജമാഅത്ത് അതിഥികളെയും ഭാരവാഹികളെയും പ്രത്യേകമായി ആദരിക്കുമായിരുന്നു. ഞാൻ 2005-ൽ വസിയ്യത്ത് സംബന്ധമായി ആഹ്വാനം ചെയ്തപ്പോൾ തന്റെ വസിയ്യത്ത് പത്തിലൊന്ന് എന്നതിൽനിന്ന് വർധിപ്പിച്ച് മൂന്നിലൊന്നാക്കിയ ആദ്യത്തെ മൂസി അദ്ദേഹമായിരുന്നു. അതായത് ശറഹ് അഥവാ തോത് വർധിപ്പിക്കുകയുണ്ടായി. ഈ ആഹ്വാനത്തിന് താൻ എങ്ങനെ ലബ്ബയ്ക്ക് പറയും എന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. സാമ്പത്തിക ത്യാഗം, എന്നതിന്റെ യഥാർഥ്യം ഏറ്റവുമാദ്യത്തിൽത്തന്നെ അടച്ചു തീർക്കുക എന്നതാണ്. മാൽ സെക്രട്ടറിക്ക് ഓർമപ്പെടുത്താനുള്ള അവസരമുണ്ടാക്കരുത്. പെൻഷൻ കിട്ടിയാൽ ഏറ്റവുമാദ്യം ചന്ദകൾ കൊടുത്തു വീട്ടുമായിരുന്നു. പറയുന്നു: 1990 കളുടെ മധ്യത്തിൽ ജമാഅത്തിന് മുറബ്ബി ഹൗസ് ആവശ്യമായി വന്നപ്പോൾ അദ്ദേഹം ഗ്രാമത്തിൽ മസ്ജിദിന് അടുത്തുള്ള തന്റെ സ്ഥലം ഒരു ഭാവമാറ്റവുമില്ലാതെ ജമാഅത്തിന് ഉപഹാരമായി നൽകി. അല്ലാഹു പരേതനോടു പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. പദവികളുയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നു കൊണ്ടുപോകാൻ തൗഫീഖ് നൽകുമാറാകട്ടെ. (വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി)

പേജ് 1 ൽ നിന്ന്

നല്ല പാഥേയും അതായത് വഴിച്ചെലവ് തഖ്‌വയാണ്. **ഫ ഇന്ന ഖയ്റസ്സാദിത്തഖ്‌വാ**(2:198)

**യൻള്ളുറൂന** എന്ന പദത്തിൽനിന്ന് മനസ്സിലാകുന്നത് ഈ നോട്ടം കുട്ടികളെപ്പോലെയാകാതെ അതിൽനിന്ന് അനുസരണത്തിന്റെ പാഠം പഠിക്കുന്നതാകണമെന്നാണ്. എപ്രകാരം ഒട്ടകത്തിൽ സാംസ്കാരികവും സംഘടിതവുമായ അവസ്ഥ കാണിക്കപ്പെട്ടിരിക്കുന്നുവോ അവയിൽ ഇമാമിനെ പിൻപറ്റാനുള്ള ശക്തി വെക്കപ്പെട്ടിരിക്കുന്നുവോ അതുപോലെ മനുഷ്യന് ഇമാമിനെ പിൻപറ്റൽ തന്റെ അടയാളമാക്കിമാറ്റേണ്ടത് അനിവാര്യമാണ്. കാരണം അവരുടെ സേവകരായ ഒട്ടകങ്ങളിലും ഈ അനുസരണത്തിന്റെ സ്വഭാവമുണ്ട്. കയ്ഫ ഖുലിക്കത്ത് എന്നതിൽ ഒട്ടകത്തിന്റെ സംഘടിതാവസ്ഥയിൽനിന്ന് ലഭിക്കുന്ന മൊത്തത്തിലുള്ള നേട്ടങ്ങളിലേക്കുള്ള സൂചനയാണുള്ളത്." *(മൽഫൂദാത്ത് വാള്യം 2, പേജ് 18, 2018 പതിപ്പ്, ഖാദിയാൻ)*


## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

**നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക!!!**

പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ച്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:
**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**The Weekly BADR Qadian (Malayalam)**

# വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ സത്യസാക്ഷ്യം ശത്രുക്കളുടെ നാശത്തിന്റെ വെളിച്ചത്തിൽ

*സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥമായ ഹഖീഖത്തുൽ വഹ്‌യിൽ നിന്നുള്ള (റൂഹാനീ ഖസാഇൻ വാല്യം 22) അദ്ദേഹത്തിന്റെ രണ്ട് എതിരാളികളുടെ ഗുണപാഠം നല്കുന്ന പര്യവസാനം സമർപിക്കുകയാണ്. ഈ രണ്ട് എതിരാളികളും അവിടത്തെ പ്രവചനമനുസരിച്ചാണ് നാശമടഞ്ഞത്. അവരുടെ നാശവും അവരുടെ ഗുണപാഠപരമായ പര്യവസാനവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള മഹത്തായ ഒരു തെളിവാണ്.*

## തിളക്കമാർന്ന അടയാളം

### വ്യാജ മൂസയായിരുന്ന ലാഹോറിലെ ബാബു ഇലാഹി ബഖ്ശ് മരിച്ചു.

ലാഹോറിലെ അക്കൗണ്ടന്റായിരുന്ന മുൻശീ ഇലാഹി ബഖ്ശ്, വാഗ്ദത്ത മഹ്ദി മസീഹായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദിന്റെ(അ)ന്റെ ശിഷ്യരിൽപെട്ടയാളായിരുന്നു. ആത്മാർഥതയിലും കൂറിലും മികച്ചുനിന്നിരുന്നു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)1889-ൽ ബയ്അത്തു മുഖേന ജമാഅത്തിന് അടിത്തറപാകുകയും തന്റെ മുരീദന്മാരോടു ബയ്അത്തിൽ പ്രവേശിക്കാൻ പറയുകയും ചെയ്തപ്പോൾ ക്ഷണത്തിൽ ഇലാഹീ ബഖ്ശ് തെറ്റിപ്പോയി. ഖാദിയാനിൽ വന്ന് അയാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അങ്ങേയറ്റം അപമര്യാദയോടുകൂടി തന്റെ സ്വപ്നങ്ങളും വെളിപാടുകളും കേൾപ്പിച്ചു. അയാൾ പറഞ്ഞു: 'ഞാനെന്തിനാണ് താങ്കൾക്ക് ബയ്അത്ത് ചെയ്യുന്നതെന്ന് താങ്കളോടു ചോദിക്കുന്നതായും താങ്കൾ എനിക്ക് ബയ്അത്ത് ചെയ്യണമെന്ന് ഞാൻ പറയുന്നതായും ഒരു സ്വപ്നം കണ്ടു.' സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ പഴയകാല സുഹൃത്തിനെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിന് തന്റെ മഹത്തായ ഗ്രന്ഥം 'ഉരൂറത്തുൽ ഇമാം'(ഇമാമിന്റെ ആവശ്യകത) എഴുതാൻ തുടങ്ങി. അതിൽ എല്ലാവിധത്തിലും അദ്ദേഹത്തിന് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിച്ചു. അദ്ദേഹം അതിൽ ബയ്അത്തിന്റേയും ഇൽഹാമിന്റേയും യാഥാർഥ്യത്തെക്കുറിച്ച് അമൂല്യവും ജ്ഞാനനിർഭരവുമായ ചർച്ചയാണ് ചെയ്തത്. ഈ ഗ്രന്ഥത്തിൽനിന്നുള്ള ചില നിർദേശങ്ങൾ സമർപിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇലാഹി ബഖ്ശിനോടു പറഞ്ഞു:

"എന്റെ പ്രിയരേ, നാം ദിവ്യജ്ഞാനത്തിലും സത്യതത്ത്വങ്ങളിലും ആത്മീയാനുഗ്രഹങ്ങളിലും വിശക്കുന്നവനും ദാഹിച്ചവനുമാകുന്നു. ഒരു സമുദ്രം മുക്കിക്കുടിച്ചാലും തൃപ്തിപ്പെടുകയില്ല. ആരെങ്കിലും നമ്മെ തന്റെ ദാസ്യത്തിലേക്ക് എടുത്തുകൊള്ളാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ബയ്അത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും അതിന്റെ യഥാർഥമായ തത്ത്വജ്ഞാനവും ഉൾക്കൊണ്ടുകൊണ്ട് നാമുമായി ഈ ക്രയവിക്രയം നടത്തുന്നത് വളരെ എളുപ്പമുള്ള കാര്യമാകുന്നു. അദ്ദേഹത്തിന്റെ പക്കൽ നമുക്ക് നല്കപ്പെട്ടിട്ടില്ലാത്ത സ്വർഗീയാനുഗ്രഹങ്ങളും സത്യതത്ത്വജ്ഞാനങ്ങളും ദിവ്യസമ്പത്തുകളുമുണ്ടെങ്കിലും നമുക്ക് തുറന്നുതന്നിട്ടില്ലാത്ത ഖുർആനികജ്ഞാനനിധികൾ അദ്ദേഹത്തിന് തുറന്നുകിട്ടീട്ടുണ്ടെങ്കിലും 'ബിസ്മില്ലാഹ്' ആ വന്ദ്യാത്മാവ് നമ്മുടെ ദാസ്യത്തിന്റേയും അനുസരണത്തിന്റേയും കൈ സ്വീകരിച്ചുകൊള്ളട്ടെ. ആത്മീയജ്ഞാനങ്ങളും ഖുർആനിക രഹസ്യങ്ങളും സ്വർഗ്ഗീയാനുഗ്രഹങ്ങളും അദ്ദേഹം നമുക്കു പകരം നല്കുകയും ചെയ്യട്ടെ. അധികമായി ക്ലേശങ്ങൾ ഏല്പിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. നമ്മുടെ മുൽഹം (വെളിപാടുകാരൻ) ആയ സ്നേഹിതൻ ഏതെങ്കിലും ഒരു യോഗത്തിൽ 'സൂറ ഇഖ്‌ലാസിന്റെ തത്ത്വരഹസ്യങ്ങളും ദിവ്യജ്ഞാനങ്ങളും വിവരിക്കട്ടെ. അതിനേക്കാൾ ആയിരംമടങ്ങ് ശ്രേഷ്ഠമായ വ്യാഖ്യാനങ്ങൾ നല്കാൻ നമുക്ക് സാധിക്കാത്തപക്ഷം നാം അദ്ദേഹത്തിന് കീഴവണങ്ങിക്കൊള്ളാം." *(ഉരൂരത്തുൽ ഇമാം, റൂഹാനീ ഖസാഇൻ, വാല്യം 13, പേജ് 498)*

അവിടന്ന് പറയുന്നു: 'ഞാൻ ആണയിട്ടു പറയുന്നു, എപ്രകാരം നമ്മുടെ സുഹൃത്ത് പണ്ഡിതനായ മൗലവി അബ്ദുൽകരീം സാഹിബ് ഉപദേശ പ്രസംഗവേളയിൽ വിശുദ്ധഖുർആന്റെ സത്യതത്ത്വങ്ങളും ദിവ്യജ്ഞാനങ്ങളും വിവരിച്ചുതരുന്നതിന്റെ ആയിരത്തിലൊരു അംശംപോലും എന്റെ ബഹുമാന്യ സുഹൃത്തിന്റെ മുഖത്തുനിന്ന് പുറത്തുവരുമെന്ന് എനിക്ക് വിശ്വാസമില്ല.' (Ibid പേജ് 298)

അവിടന്ന് പറഞ്ഞു: 'നമ്മുടെ ജമാഅത്തിൽ എന്റെ കൈയിൽ ബയ്അത്ത് ചെയ്തിട്ടുള്ള ദൈവദാസരിൽ ഉജ്ജ്വലപ്രഭാവനും മഹാപണ്ഡിതനുമായ ഒരു ധന്യാത്മാവുണ്ട്. അത് ഹക്കീം ഹാഫിള് ഹാജിയുൽ ഹറമയ്ൻ നൂറുദ്ദീൻ സാഹിബാണ്. ലോകത്തെങ്ങുമുള്ള ഖുർആൻ തഫ്സീറുകൾ അദ്ദേഹം തന്റെ പക്കൽ സൂക്ഷിച്ചുപോരുന്നു. അദ്ദേഹത്തിന്റെ ഹൃദയം ആയിരക്കണക്കായ ഖുർആനിക ജ്ഞാനങ്ങളുടെ ഭണ്ഡാരമാകുന്നു. താങ്കൾക്ക് യഥാർഥത്തിൽ ബയ്അത്ത് വാങ്ങാനുള്ള ശ്രേഷ്ഠത നല്കപ്പെട്ടിട്ടുണ്ടെങ്കിൽ ഖുർആന്റെ ഒരു അധ്യായം സത്യതത്ത്വങ്ങളോടും ദിവ്യജ്ഞാനങ്ങളോടുംകൂടി അദ്ദേഹത്തിന് കേൾപ്പിച്ചുകൊടുക്കുക. ഇക്കൂട്ടർ എന്റെ കൈയിൽ ബയ്അത്ത് ചെയ്തിട്ടുള്ളതും മറ്റ് വെളിപാടുവാദികളെയെല്ലാം കൈയൊഴിച്ചതും ഭ്രാന്തായതുകൊണ്ടൊന്നുമല്ലല്ലോ!" (Ibid പേജ് 500)

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'അദ്ദേഹം തന്റെ ഇൽഹാമിയായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുമുമ്പേ തന്റെ ഖുർആനികജ്ഞാനങ്ങളുടെ മാതൃക ആദ്യം മൗലവി സാഹിബിനൊന്നു കാണിച്ചുകൊടുക്കട്ടെ. ഈ അത്ഭുതകരമായ പ്രതിഭാസത്തിന്റെ പ്രകാശപ്പൊലിമ മുഖേന നൂറുദ്ദീനെപ്പോലുള്ള ഒരു ഖുർആൻഭക്തനിൽനിന്ന് ബയ്അത്ത് സ്വീകരിക്കട്ടെ. അപ്പോൾ ഞാനും എന്റെ ജമാഅത്തും താങ്കളിൽ ബലിയായിരിക്കും.' (Ibid പേജ് 501)

ഹദ്റത്ത് മസീഹ് മൗഊദ്(അ) "തിളക്കമാർന്ന അടയാളം, ബാബു ഇലാഹി ബഖ്ശ് അക്കൗണ്ടന്റ് പെൻഷണർ ലാഹോർ വ്യാജമൂസ മരണപ്പെട്ടു" എന്ന ശീർഷകത്തിൽ ജമാഅത്തിന് അയാളുടെ നാശത്തെക്കുറിച്ച് വിവരം നല്കിക്കൊണ്ടു പറഞ്ഞു: 'വായനക്കാരേ! നിങ്ങൾക്ക് അറിവുണ്ടായിരിക്കും. ലാഹോറിൽ അക്കൗണ്ടന്റായിരുന്ന ഇലാഹി ബഖ്ശ് എന്നു പേരുള്ള ഒരാൾ, ഞാൻ അല്ലാഹുവിൽനിന്ന് വഹ്‌യപ്രാപിച്ച് ഞാൻ മസീഹ് മൗഊദാണെന്ന കാര്യം വെളിപ്പെടുത്തിയ കാലത്ത് എന്നിൽനിന്ന് വേർപെട്ടുപോയി. അയാൾ താൻ മൂസായാണെന്ന് വാധിച്ചയാളാണ്. ഇതിന്റെ വിശദീകരണം ഇപ്രകാരമാണ്: 'ദീർഘകാലമായി ഇലാഹിബഖ്ശ് എന്നോടൊപ്പം ശിഷ്യബന്ധം പുലർത്തിപോന്നിരുന്നു. തുടരത്തുടരെ ഖാദിയാനിൽ വരുമായിരുന്നു. എന്നെ അല്ലാഹുവിൽനിന്ന് വെളിപാടിറങ്ങുന്ന ആളാണെന്ന് മനസ്സിലാക്കുകയും സേവനം ചെയ്യുകയും ചെയ്തിരുന്നു. ചിലപ്പോൾ സ്വുബ്ഹി നേരത്ത് നമസ്കാരത്തിനുശേഷം ഞാൻ അമൃതസർ എന്ന സ്ഥലത്ത് മുഖത്ത് പുതപ്പിട്ട് ഉറങ്ങാറുണ്ടായിരുന്നു. അപ്പോൾ ഒരാൾ വരികയും അയാൾ എന്റെ കാല് അമർത്തുകയും ചെയ്യുമായിരുന്നു. ഞാൻ പുതപ്പുമാറ്റി നോക്കിയപ്പോൾ അത് ഇലാഹി ബഖ്ശായിരുന്നു. ഇത് ഞാൻ എഴുതിയത് ആ പരിധിവരെ അദ്ദേഹത്തിന്റെ ആത്മാർഥത ഉയർന്നിരുന്നുവെന്ന് പറയാനാണ്. ഒരുതരത്തിലുള്ള സേവനവും ചെയ്യാൻ അദ്ദേഹത്തിന് മടിയില്ലായിരുന്നു. അത് കുറവായി കരുതിയിരുന്നുമില്ല. അങ്ങേയറ്റം വിനയത്തോടെ നിസാരരായ സേവകരെപോലെ തന്നെ കരുതിയിരുന്നു. സാമ്പത്തിക സേവനത്തിലും കഴിയുന്നത്ര ചെയ്യാൻ മടിച്ചിരുന്നില്ല. അല്ലാഹു ഇച്ഛിക്കുന്നതുവരെ അദ്ദേഹം ഈ ആത്മാർഥപരമായ സേവനത്തിൽ നിലകൊണ്ടു. അദ്ദേഹം തന്റെ ആത്മാർഥതയിൽ ഒരുപാട് ഉയരുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. ഞാൻ ഏതെങ്കിലും പരിപാടിയിൽ പങ്കെടുക്കുന്നതിന് ലുധിയാനയിലോ അംബാലയിലോ മറ്റേതെങ്കിലും സ്ഥലത്തോ പോകുമ്പോൾ കഴിവും ഒഴിവുമുണ്ടെങ്കിൽ അവിടെ എത്തുമായിരുന്നു. മിക്ക നേരങ്ങളിലും ഇദ്ദേഹത്തിന്റെ സുഹൃത്ത് മുൻശീ അബ്ദുൽ ഹഖ് അക്കൗണ്ടന്റും അദ്ദേഹത്തിനൊപ്പം ഉണ്ടാകുമായിരുന്നു. കുറേ നാളുകൾക്കുശേഷം തനിക്കും ഇൽഹാം ഉണ്ടാകുന്നുണ്ടല്ലോ എന്ന വിചാരം അദ്ദേഹത്തിനുണ്ടായി. ഈയൊരു വിഷലിപ്തമായ വിത്തായിരുന്നു നിയതിനിയമം അദ്ദേഹത്തിൽ വിതച്ചത്. പിന്നീട് ഉള്ളിന്റെ ഉള്ളിൽ അദ്ദേഹത്തിന്റെ ആത്മാർഥപരമായ അവസ്ഥയിൽ കുറച്ചുമാറ്റം ഉണ്ടായിക്കൊണ്ടിരുന്നു. തുടർന്ന് അല്ലാഹു എന്നോടു ജനങ്ങളിൽനിന്ന് ബയ്അത്ത് വാങ്ങുന്നതിന് നിയോഗിച്ചകാലത്ത്, ഏകദേശം നാല്പതോ കുറച്ചധികമോ ആളുകൾ ബയ്അത്തിൽ പ്രവേശിക്കുകയും പൊതുവായ നിലയിൽ അല്ലാഹുവിന്റെ കല്പനപ്രകാരം എല്ലാവരേയും കേൾപ്പിക്കുകയും ഞാനുമായി ശിഷ്യബന്ധം പുലർത്തുന്നവർ ബയ്അത്തിൽ പ്രവേശിക്കുകയും ചെയ്യുക എന്നു പറഞ്ഞപ്പോൾ, അക്കാര്യം കേട്ടുടനെ ഇലാഹി ബഖ്ശിന്റെ മനസ് വ്യതിചലിച്ചു. അദ്ദേഹം കുറച്ചു കാലത്തിനുശേഷം തന്റെ ഇൽഹാം കേൾപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ അയാളുടെ സുഹൃത്തായ മുൻശീ അബ്ദുൽ ഹഖിനോടൊപ്പം ഖാദിയാനിൽ എന്റെയടുത്തുവന്നു. ഈ പ്രാവശ്യം അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ഇലാഹി ബഖ്ശ് അല്ല മറ്റാരോ ആണെന്ന് തോന്നുംവിധം ധാർഷ്ട്യം അയാളിലുണ്ടായിരുന്നു. അയാൾ അപമര്യാദയോടുകൂടി തന്റെ ഇൽഹാം കേൾപ്പിക്കാൻ തുടങ്ങി. അതൊരു ചെറിയ വെള്ളക്കടലാസിൽ എഴുതിയിരുന്നതാണ്; അത് പോക്കറ്റിലാണുണ്ടായിരുന്നത്. എല്ലാം പറഞ്ഞതിനുശേഷം അയാൾ കേൾപ്പിച്ചു: 'സ്വപ്നത്തിൽ താങ്കൾ എന്നോടു ബയ്അത്ത് ചെയ്യാൻ പറയുന്നതായും ഞാൻ മറുപടിയായി ചെയ്യുകയില്ലെന്ന് പറയുന്നതായും കണ്ടു. എന്നാൽ, താങ്കളെനിക്ക് ബയ്അത്ത് ചെയ്യുക എന്ന് ഞാൻ താങ്കളോടു പറഞ്ഞു.' ഈ

സ്വപ്നം കാരണത്താൽ അയാളിൽ അഹങ്കാരവും ഹുങ്കും അടിമുടി നിറഞ്ഞു. താൻ പുണ്യവാളനാണെന്നും തനിക്ക് ബയ്അത്ത് ചെയ്യേണ്ട ആവശ്യമില്ലെന്നും അയാൾ മനസ്സിലാക്കി. എന്നല്ല ഞാൻ അയാൾക്കു ബയ്അത്ത് ചെയ്യണമത്രെ! എന്നാൽ, ഇത് ശയ്ത്വാന്റെ ദുർബോധനമായിരുന്നു. അത് അയാൾ മനസ്സിലാക്കപ്പെടാൻ നിമിത്തമായി. കാര്യമെന്താണെന്നാൽ, മനുഷ്യന്റെ മനസ്സിൽ അഹങ്കാരവും സത്യനിഷേധവും മറഞ്ഞിരിക്കുമ്പോൾ അതേ നിഷേധമാണ് മനസ്സിലെ തോന്നൽപോലെ സ്വപ്നത്തിൽ വരുന്നത്. അജ്ഞനായ മനുഷ്യൻ മനസ്സിലാക്കുന്നത് അത് അല്ലാഹുവിൽനിന്നുള്ളതാണെന്നാണ്. വാസ്തവത്തിൽ ആ നിഷേധം കേവലം തന്റെ മറഞ്ഞിരിക്കുന്ന ചിന്താഗതികളിൽനിന്നാണുണ്ടാകുന്നത്, അല്ലാഹുവുമായി അതിന് ഒരു ബന്ധവും ഉണ്ടായിരിക്കുകയില്ല. നൂറുകണക്കിന് അജ്ഞാനികൾ (ജാഹിൽ) ഈ മനസ്സിന്റെ തോന്നൽകൊണ്ട് നാശമടയുന്നു. അങ്ങനെ ഇലാഹി ബഖ്ശ് അങ്ങേയറ്റം ഊറ്റത്തോടും അപമര്യാദയോടുംകൂടി ആ സ്വപ്നം എന്നെ കേൾപ്പിച്ചു. അയാളുടെ അജ്ഞതയിൽ എനിക്ക് വളരെ വിഷമം തോന്നിയിരുന്നു. കാരണം അയാൾ കേൾപ്പിച്ചുകൊണ്ടിരുന്നതെല്ലാം മനസ്സിൽനിന്നുണ്ടായ തോന്നലുകളാണെന്ന് എനിക്കറിയാമായിരുന്നു. ഞാൻ അയാളുടെ മനസ്സിൽ അഹങ്കാരം കണ്ടു. ആത്മസ്തുതിയുടേയും അഹങ്കാരത്തിന്റേയും ലക്ഷണങ്ങൾ കണ്ടു. അയാളുടെ സംസാരങ്ങളിൽ ദ്വേഷമുണ്ടായിരുന്നു. അതുകൊണ്ട് അയാളോട് എന്തെങ്കിലും ഉപദേശം എന്ന നിലയിൽ പറയുന്നത് നിഷ്ഫലമാണെന്ന് മനസ്സിലാക്കി. ഭൂരിഭാഗമാളുകളും മയക്കത്തിന്റെ അവസ്ഥയിൽ അവരുടെ നാവിലൂടെ വരുന്ന എല്ലാ ഓരോ കാര്യത്തേയും അല്ലാഹുവിന്റെ വചനമാണെന്ന് കരുതുന്നത് അങ്ങേയറ്റം ഖേദകരമാണ്. ഈ നിലയിൽ ***ലാ തഖ്ഫു മാ ലയ്സലക്ക ബിഹീ ഇൽമുൻ*** എന്നതിന്റെ കീഴെ സ്വയം തങ്ങളെ പ്രവേശിപ്പിക്കുന്നു. എന്നാൽ, ഓർക്കേണ്ടതാണ്. ഏതെങ്കിലും വാക്യം നാവിലൂടെ പുറപ്പെടുകയും അത് അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതിനു വിരുദ്ധമാകാതിരിക്കുകയും ചെയ്താൽതന്നെ അല്ലാഹുവിന്റെ വചനമെന്ന് പറയാൻ പറ്റുകയില്ല. അല്ലാഹുവിന്റെ പ്രവൃത്തി അതിന് സാക്ഷിയാകാത്തിടത്തോളം. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ ശത്രുവായ ശപിക്കപ്പെട്ട ശയ്ത്വാൻ ഏതുപോലെ മറ്റു മാർഗത്തിലൂടെ മനുഷ്യനെ നശിപ്പിക്കാനാഗ്രഹിക്കുന്നുവോ അതുപോലെ ആ വഴിപിഴപ്പിക്കുന്നവന്റെ മറ്റൊരു മാർഗം തന്റെ വചനങ്ങൾ മനുഷ്യമനസ്സുകളിലിട്ട് അല്ലാഹുവിന്റെ വചനമാണെന്ന് വരുത്തിത്തീർക്കുകയുമാണ്. അവസാനം അത്തരം വ്യക്തി നാശമടയുന്നു.

അതിനാൽ ആരിലെങ്കിലും ഏതെങ്കിലും വചനമിറങ്ങിയാൽ മൂന്ന് അടയാളങ്ങൾ അതിലില്ലെങ്കിൽ അല്ലാഹുവിന്റെ വചനമാണെന്ന് അതിനെ പറയുന്നത് സ്വയം നാശത്തിൽ അകപ്പെടുത്തലാണ്.

ഒന്ന് ആ വചനം വിശുദ്ധഖുർആന് വിരുദ്ധവും എതിരുമാകാൻ പാടില്ല. എന്നാൽ, മൂന്നാമത്തെ ലക്ഷണമില്ലെങ്കിൽ കേവലം ഈ ലക്ഷണംകൊണ്ട് ഒന്നുംതന്നെ സ്ഥാപിതമാകുകയില്ല.

രണ്ട്: ആത്മാവിന്റെ പരിശുദ്ധി നല്ലവണ്ണം നടന്നു കഴിഞ്ഞിട്ടുള്ള വ്യക്തിയിലായിരിക്കണം ആ വചനം ഇറങ്ങേണ്ടത്. അയാൾ തികച്ചും ശരീരേച്ഛകളിൽ നിന്ന് മാറി, അല്ലാഹുവിൽ പൂർണമായും ലയിച്ചു ചേർന്നവരിൽപ്പെട്ടയാളായിരിക്കണം. അയാളുടെ ആത്മാവിന് ഒരു മരണമുണ്ടാകുകയും അതുമുഖേന അയാൾ അല്ലാഹുവിനോടു അടുക്കുകയും ശയ്ത്വാനിൽനിന്ന് അകന്നുകിടക്കുകയും വേണം. കാരണം ആരുടെ അടുത്താണോ ഉള്ളത് അയാളുടെ ശബ്ദമാണ് കേൾക്കുക. ശയ്ത്വാന്റെ അടുത്തുള്ളവർ ശയ്ത്വാന്റെ ശബ്ദമാണ് കേൾക്കുക. അല്ലാഹുവിന്റെ അടുത്തുള്ളവർ അല്ലാഹുവിന്റെ ശബ്ദം കേൾക്കുന്നു. മനുഷ്യാത്മാവിന്റെ ശുദ്ധീകരണത്തിനാണ് അങ്ങേയറ്റം ശ്രമിക്കേണ്ടത്. അവന്റെ എല്ലാ സുലൂക്കും(അല്ലാഹുവിലേക്കുള്ള പ്രയാണങ്ങളും) അവസാനിക്കുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഇതൊരു മരണമാണ്; അത് ഉള്ളിലുള്ള എല്ലാ വ്യതികേടുകളേയും കത്തിച്ചുചാമ്പലാക്കുന്നു. മനുഷ്യൻ തന്റെ സുലൂക് അവസാനിപ്പിച്ചുകഴിയുമ്പോൾ ദൈവികനിയന്ത്രണത്തിന്റെ ഊഴം വരുന്നു. അപ്പോൾ തരംതാണ ശാരീരികേച്ഛയിൽനിന്ന് മരണത്തിന്റെ സ്ഥാനംവരെ എത്തിക്കഴിഞ്ഞിട്ടുള്ള തന്റെ ഈ ദാസനെ അല്ലാഹു ദൈവജ്ഞാനത്തിന്റേയും സ്നേഹത്തിന്റേയും ജീവിതംകൊണ്ട് പുനരുജ്ജീവിപ്പിക്കുന്നു. തന്റെ അമാനുഷികമായ അടയാളങ്ങളാൽ ആത്മീയതയുടെ അത്ഭുതങ്ങൾ അവന് കാണിച്ചുകൊടുക്കുന്നു. വ്യക്തിഗതമായ സ്നേഹത്തിന്റെ പിന്നിന്റെ പിന്നിലുള്ള ആകർഷണം അവന്റെ മനസ്സിൽ നിറയ്ക്കുന്നു. അവനെ ലോകത്തിന് മനസ്സിലാക്കാൻസാധിക്കുകയില്ല. ആ അവസ്ഥയിലാണ് അവന് പുതിയ ജീവിതം കിട്ടിയെന്ന് പറയുന്നത്; അതുകഴിഞ്ഞാൽ മരണമില്ല.

അതിനാൽ ഈ പുതിയ ജീവിതം തികഞ്ഞ **മഅ്രിഫത്തും**(ഈശ്വരജ്ഞാനം) തികഞ്ഞ സ്നേഹവും കൊണ്ടാണ് ലഭിക്കുന്നത്. സമ്പൂർണമായ മഅ്രിഫത്ത് അല്ലാഹുവിന്റെ അമാനുഷികമായ അടയാളങ്ങളാലാണ് കരസ്ഥമാകുന്നത്. മനുഷ്യൻ ഈ പരിധിവരെ എത്തുമ്പോഴാണ് അവന് അല്ലാഹുവിന്റെ സത്യമായ ഭാഷണത്തിന്റേയും സംബോധനയുടേയും ഭാഗ്യം ലഭിക്കുന്നത്. എന്നാൽ, ഈ ലക്ഷണവും മൂന്നാമത്തെ നിലയിലെ ലക്ഷണം കൂടാതെ സംതൃപ്താർഹമാകുകയില്ല. കാരണം സമ്പൂർണമായ മനഃപരിശുദ്ധി ഒരു മറഞ്ഞ കാര്യമാണ്. അതുകൊണ്ട് വ്യർഥമായി സംസാരിക്കുന്ന ഓരോരുത്തരും അത്തരം വാദം പുറപ്പെടുവിക്കുന്നതാണ്.

സത്യസന്ധനായ വെളിപാടുകാരന്റെ (മുൽഹം) 3-ാമത്തെ ലക്ഷണമിതാണ്. ഏതൊരു വാക്യത്തെയാണോ അത് അല്ലാഹുവിൽനിന്നാണെന്ന് അയാൾ പറയുന്നത്, അതിനുമേൽ അല്ലാഹുവിന്റെ നിരന്തരമായ കർമങ്ങൾ സാക്ഷിയാകേണ്ടതുണ്ട്. അതായത് എത്രത്തോളം ലക്ഷണങ്ങൾ അതിനെ പിന്തുണച്ചുകൊണ്ട് വെളിപ്പെടണമെന്നാൽ, ശുദ്ധമായ ബുദ്ധി അക്കാര്യം നിരസിക്കപ്പെട്ടതായി മനസ്സിലാക്കണം; അതായത് ഇത്രമാത്രം അടയാളങ്ങളുണ്ടായിട്ടും അത് ദൈവവചനമല്ലെന്ന്! ഈ അടയാളം യഥാർഥത്തിൽ എല്ലാ അടയാളങ്ങളെക്കാളും ഉപരിയായിട്ടുള്ളതാണ്. കാരണം ആരുടെയെങ്കിലും നാവിലൂടെ വരുന്ന ഒരു വചനം അല്ലെങ്കിൽ ആരെങ്കിലും വാദത്തോടെ ഇൽഹാമെന്ന് പറഞ്ഞ് അവതരിപ്പിച്ച വചനം അത് അതിന്റെ അർഥത്തിന്റെ അടിസ്ഥാനത്തിൽ വിശുദ്ധഖുർആന്റെ വിവരണത്തിന് വിരുദ്ധമാകാതിരിക്കുക എന്നതും സംഭാവ്യമാണ്. മറിച്ച് അതിനനുസൃതമാകാം. എന്നാലും അത് ഏതെങ്കിലും കെട്ടിച്ചമയ്ക്കുന്നവന്റെ കെട്ടിച്ചമയ്ക്കലാകാം. എന്തുകൊണ്ടെന്നാൽ ബുദ്ധിമാനായ ഒരു മുസ്ലിമെന്നാൽ അയാൾ കെട്ടിയുണ്ടാക്കി പറയുന്നയാളാണ്, തീർച്ചയായും വിശുദ്ധഖുർആനെതിരിൽ ഒരു വചനവും ഇൽഹാം എന്ന നിലയിൽ അവതരിപ്പിക്കാതിരിക്കാൻ ശ്രമിക്കുന്നതാണ്. അങ്ങനെയായാൽ അയാൾ ആക്ഷേപത്തിന് കുറിമാനമായിത്തീരുമല്ലോ. അത് മനസ്സിലുണ്ടാകുന്നതോന്നൽ പുറത്തുവന്നതാകാനും സാധ്യതയുണ്ട്. അതായത് മനസ്സിൽനിന്ന് ഒരു വചനം നാവിലൂടെ വരുന്നു; പകൽ പുസ്തകങ്ങൾ വായിക്കുന്ന ഭൂരിഭാഗം കുട്ടികളുടെ നാവിൽനിന്നും രാത്രിയിൽ അതേ വാക്യങ്ങൾ പുറത്തുവരുന്നതുപോലെ! ചുരുക്കത്തിൽ ഇൽഹാം എന്ന വാദത്തോടെ സമർപ്പിക്കപ്പെടുന്ന ഏതെങ്കിലും വചനം വിശുദ്ധഖുർആന് അനുസൃതമായി വരികയെന്നത് ദൈവവചനമാണെന്നതിന് ഖണ്ഡിതമായ തെളിവല്ല. ഒരു വചനം അതിന്റെ അർഥങ്ങളുടെ അടിസ്ഥാനത്തിൽ ദൈവവചനത്തിന് എതിരല്ലാതാകാനും പിന്നെ അത് ഏതെങ്കിലും കറ്റുകെട്ടുകാരന്റെ കറ്റുകെട്ടാകാനും സാധ്യതയില്ലേ? കാരണം ഒരു കറ്റുകെട്ടുകാരന് വളരെ സുഗമമായി ഈ കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നതാണ്; അതായത് വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ച് ഒരു വാക്യം അവതരിപ്പിക്കാൻ അവനു കഴിയും. അത് തന്നിൽ ഇറങ്ങിയ ദൈവവചനമാണെന്ന് പറയാനും സാധിക്കും. അത് ഒന്നുകിൽ ഉപബോധമനസ്സിൽനിന്ന് വന്ന വാക്യമായിരിക്കും. അല്ലെങ്കിൽ ശയ്ത്വാന്റെ വചനമായിരിക്കും.

ഇപ്രകാരംതന്നെയാണ് രണ്ടാമത്തെ നിബന്ധനയും. അതായത് താൻ ആത്മാവിനെ ശുദ്ധീകരിച്ചവനാണെന്നും ഇൽഹാം ലഭിക്കുന്നുവെന്നും പറയുന്നതും തൃപ്തികരമല്ല. പ്രത്യുത ഒരു മറഞ്ഞ കാര്യമാണത്. തങ്ങളുടെ ആത്മാവ് ശുദ്ധീകരിക്കപ്പെട്ടതാണെന്നും തങ്ങൾ അല്ലാഹുവിനോട് സ്നേഹം വച്ചുപുലർത്തുന്നവരാണെന്നും അശുദ്ധരായ ധാരാളമാളുകളുകൾക്കും വാദമുന്നയിക്കാൻ കഴിയും. ആരാണ് സത്യവാദിയെന്നും ആരാണ് അസത്യവാദിയെന്നും എഴുപ്പത്തിൽ വിധി പറയുക എന്ന കാര്യവും സുഗമമായതല്ല. ഇക്കാരണത്താലാണ് പല പുതിയ ആളുകളും, യഥാർഥത്തിൽ ആത്മാവിനെ ശുദ്ധീകരിച്ചിട്ടുള്ളവർക്കെതിരെ അപരാധം പറഞ്ഞു പരത്തിയിട്ടുള്ളത്; ഇക്കാലത്തെ പാതിരിമാർ നമ്മുടെ സയ്യിദ് വ മൗലാ നബി(സ)തിരുമേനിയുടെമേൽ അപരാധം പറഞ്ഞുപരത്തുന്നതുപോലെ! നഊദുബില്ലാഹ്. അവർ പറയുന്നു: അവിടന്ന് സ്ത്രീലംബടനായിരുന്നുവെന്ന്! അവരുടെ ആയിരക്കണക്കിന് പത്രമാസികകളിലും പത്രങ്ങളിലും ഗ്രന്ഥങ്ങളിലും ഇത്തരം അപരാധങ്ങൾ കാണാവുന്നതാണ്. ഇതുപോലെതന്നെയാണ് യഹൂദികളും. അവർ ഹദ്റത്ത് ഈസാ(അ)യുടെമേൽ പലതരത്തിലുള്ള അപരാധങ്ങളും ഉന്നയിക്കാറുണ്ട്. കുറച്ചുകാലം മുമ്പേ ഞാനൊരു യഹൂദിയുടെ ഗ്രന്ഥം കണ്ടു. അതിൽ ഈ അവിശുദ്ധമായ ആക്ഷേപം ഉണ്ടായിരുന്നുവെന്ന് മാത്രമല്ല നഊദുബില്ലാഹ് ഹദ്റത്ത് ഈസായുടെ ജനനം അവിശുദ്ധമായ നിലയിലായിരുന്നുവെന്നും പറഞ്ഞിരിക്കുന്നു. എന്നല്ല അവിടത്തെ പെരുമാറ്റത്തിൽപോലും വൃത്തികെട്ട ആക്ഷേപമാണ് ഉന്നയിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ സന്നിധിയിൽ വന്നിരുന്ന സ്ത്രീകളോടു വളരെ മോശമായ നിലയിൽ പെരുമാറിയത്രെ! വൃത്തികെട്ട സ്വഭാവക്കാരായ ശത്രുക്കൾ, ഇത്തരം പരിശുദ്ധവും ശുദ്ധഗതിക്കാരുമായ ആളുകളെ കാമവെറിയന്മാരെന്നും പറഞ്ഞിട്ടുണ്ട്. ഇതിൽനിന്ന് മനസ്സിലാക്കാം ആത്മശുദ്ധീകരണത്തിന്റെ സ്ഥാനം ശത്രുക്കളുടെമേൽ പ്രകടമാകുക എന്നത് എത്രമാത്രം ദുഷ്കരമാണെന്ന്. ആര്യസമാജക്കാർ അല്ലാഹുവിന്റെ എല്ലാ നബിമാരേയും ചതിയന്മാരും ഭോഗലോലുപരുമായാണ് മനസ്സിലാക്കിയിരുന്നത്; അവരുടെ കാലഘട്ടം വഞ്ചനയുടേയും ചതിയുടേയും കാലമായിരുന്നുവത്രെ!

പക്ഷേ, മൂന്നാമത്തെ ലക്ഷണം അതായത് ഇൽഹാമിനോടും വഹ്‌യോടുമൊപ്പം സാക്ഷ്യമായി അല്ലാഹുവിന്റെ ഒരു കർമവുമുണ്ടാകും. ഇത് ആർക്കും പൊട്ടിച്ചെറിയാൻ പറ്റാത്ത സമ്പൂർണമായ ലക്ഷണമാണ്. ഈ ലക്ഷണം മുഖേനയാണ് അല്ലാഹുവിന്റെ

ശേഷം പേജ് 12 ൽ

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്്രിഹിൽ അസീസിന്റെ ജർമൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാള്യം 9, ലക്കം 28 പേജ് 10, കോളം 2-ൽനിന്ന് തുടർച്ച......)

**ഹുദൂർ നടപടിക്രമങ്ങൾ വിലയിരുത്തുന്നു:**

ലജ്നാ ജൽസാഗാഹും നടപടിക്രമങ്ങളും നേരിട്ട് വിലയിരുത്തിയശേഷം ഹുദൂർ പുരുഷന്മാരുടെ ജൽസാഗാഹിൽ തിരിച്ചുവന്നു. ജൽസാസാലാനാ ഡ്യൂട്ടികളുടെ ഔദ്യോഗിക ഉദ്ഘാടന പരിപാടി ആരംഭിച്ചു.

ജർമനി ജൽസാസാലാനയുടെ സംയുക്ത നടപടികളുടെ ചുമതലകൾ നിർവഹിക്കാൻ ജൽസാസാലാന ഓഫീസർ, ജൽസാഗാഹ് ഓഫീസർ, ഖിദ്മത്തെ ഖൽഖ് ഓഫീസർ എന്നിവരോടൊപ്പം 21 ഡെപ്യൂട്ടി ഓഫീസർമാരും നിയമിക്കപ്പെട്ടിട്ടുണ്ട്. 167 ജൽസാ നാളിമുമാരും 486 ഡെപ്യൂട്ടി ഉദ്യോസ്ഥരുമുൾപ്പടെ ആകെ 4970 പ്രവർത്തകരാണുണ്ടായിരുന്നത്.

ഹുദൂർ വേദിയിൽ ഉപവിഷ്ഠരായതോടെ പരിപാടിക്ക് തുടക്കമായി. ആദരണീയ ശേയ്ഖ് മുനീർ അഹ്മദ് സാഹിബിന്റെ തിലാവത്തോടെ പരിപാടി ആരംഭിച്ചു. പാരായണം ചെയ്യപ്പെട്ട വചനങ്ങളുടെ ഉർദു തർജമ കേൾപ്പിച്ചു. മുഹമ്മദ് ഹമ്മാദ് മേത്തർ സാഹിബാണ് ജർമൻ തർജമ കേൾപ്പിച്ചത്.

തുടർന്ന് 09.00 മണിക്ക് ഹുദൂർ പ്രവർത്തകരെ അഭിസംബോധനചെയ്തു

**ഹുദൂറിന്റെ ഹ്രസ്വഭാഷണം**

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയക്കുശേഷം ഹുദൂർ പറഞ്ഞു: ഇൻശാ അല്ലാഹ് നാളെ മുതൽ അഹ്മദിയ്യാ ജമാഅത്ത് ജർമനിയുടെ ജൽസാസാലാന ആരംഭിക്കുകയാണ്. ജൽസയുടെ നടപടിക്രമങ്ങൾക്ക് ഇന്ന് അവസാന രൂപം നല്കിക്കൊണ്ട് സാധാരണ രീതിയനുസരിച്ചുള്ള വിലയിരുത്തലും നടന്നു. അഹ്മദിയ്യാ ജമാഅത്ത് ജർമനിയെ സംബന്ധിച്ച് ഇവിടുത്തെ നടപടിക്രമങ്ങളിൽ അറിവില്ലായ്മ കൊണ്ട് എന്തെങ്കിലും കുറവുണ്ടാകുമെന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രതീക്ഷിക്കുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ പരിചയസമ്പന്നരായ പ്രവർത്തകർ ലഭ്യമായിരിക്കുന്നു. എന്തെങ്കിലും കുറവിന് സാധ്യതയുണ്ടെങ്കിൽത്തന്നെ അത് മാനുഷികമായ ദൗർബല്യത്തിന്റെ ഭാഗമായിരിക്കും. അല്ലെങ്കിൽപ്പിന്നെ നമുക്കെല്ലാ കാര്യത്തിലും പരിചയമായിക്കഴിഞ്ഞു എന്ന കാരണത്താൽ ചില കാര്യങ്ങൾ നിസ്സാരമായി കണക്കാക്കുമ്പോഴാണ് അതുണ്ടാകുന്നത്.

കടമകൾ നിർവഹിക്കുന്ന നമ്മുടെ പ്രവർത്തകർ ഓർക്കേണ്ട ഒരു കാര്യമുണ്ട്. എവിടെയാണോ അൽപം റിലാക്സാകുന്നത്, അല്ലെങ്കിൽ ഏതെങ്കിലും ജോലി നിസ്സാരമായി കാണുന്നത് അവിടെ അനുഗ്രഹമില്ലാതാകുന്നു. അതുകൊണ്ട് വളരെ സുപ്രധാനമെന്ന് മനസ്സിലാക്കിക്കൊണ്ട് എല്ലാ നാളിമുമാരും അവരുടെ നാഇബുനാളിമുമാരും മറ്റു പ്രവർത്തകരും തങ്ങളുടെ ഓരോ ചുമതലയും ഉത്തരവാദിത്വവും അവരവരുടെ വിഭാഗത്തിൽ നിർവഹിക്കുക.

പാക്കിസ്താനിൽനിന്ന് കഴിഞ്ഞ രണ്ടുമൂന്നു വർഷമായി അഭയാർഥികളായി ധാരാളമാളുകളെത്തുന്നുണ്ട്. അവർക്കും ചുമതലകൾ നല്കിയിട്ടുണ്ട്. പക്ഷേ, അവർക്ക് പരിചയക്കുറവുണ്ട്. അതുകൊണ്ട് ഇവിടെയുള്ള ഓഫീസർമാരിൽനിന്നോ കൂടെയുള്ള പ്രവർത്തകരിൽനിന്നോ പരിചയം കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. 30 വർഷമായി പാക്കിസ്താനിൽ ജൽസാ നടക്കുന്നില്ല. ഒരു നീണ്ട കാലയളവിന്റെ വിടവു കാരണത്താൽ അവർക്ക് പരിചയക്കുറവുണ്ടായിട്ടുണ്ട്. ജൽസയുടെ ഈ പ്രവൃത്തി വിശാലാടിസ്ഥാനത്തിലുള്ളതാണ്. അതുകൊണ്ട് ഓരോ പ്രവർത്തകനും സ്വന്തം പ്രവൃത്തി വളരെ പ്രധാനപ്പെട്ടതാണെന്ന് മനസ്സിലാക്കി ഉത്തരവാദിത്വങ്ങൾ നിർവഹിക്കാൻ ശ്രമിക്കേണ്ടതാണ്. പരിചയമുണ്ടെന്നും അവസാന നേരത്ത് എല്ലാം ശരിയായിക്കൊള്ളുമെന്നും വിചാരിച്ചിരിക്കരുത്.

സ്ഥിരചിത്തരും സംഘടിതരുമായി പ്രവർത്തിക്കേണ്ടതാണ്. സ്വന്തം ഉത്തരവാദിത്വങ്ങൾ നിർവഹിക്കുക. അല്ലാഹുവുമായുള്ള ബന്ധം ഉണ്ടാകുന്നതുവരേയും അവനിലേക്ക് മടങ്ങുന്നതുവരേയും അനുഗ്രഹമുണ്ടാകില്ല. അതുകൊണ്ട് നമസ്കാരങ്ങൾ യഥാസമയം നിർവഹിക്കാൻ ശ്രമിക്കുക. നാവുകൾ ദുആകൾ മുഖേന ആർദ്രമാക്കിക്കുക. തന്മൂലം ഇവിടുത്തെ അന്തരീക്ഷം കൂടുതൽ ആത്മീയ നിർഭരമാക്കുക. ഈ ആത്മീയതയുടെ സ്വാധീനം നിങ്ങളുടെ ശരീരങ്ങളിലും വെളിപ്പെടട്ടെ. നിങ്ങളുടെ മനസ്സുകളിലും സ്വാധീനം ചെലുത്തുമാറാകട്ടെ.

ഒരു സുപ്രധാന കാര്യമുണ്ട്. എന്നും അത് ഓർമ വെക്കേണ്ടതാണ്. യഥാർഥത്തിൽ നമ്മുടെ ദൗത്യം സഫലമാകുന്നത് ദുആ കാരണത്താലാണ്. അത്രക്കും വലിയ സംവിധാനമാണിത്. പുറത്തുനിന്നും ജനങ്ങൾ വരുന്നു. അവർ ഇതെല്ലാം കാണുമ്പോൾ അത്ഭുതപ്പെട്ടു പോകുന്നു. സേവകർ ഏതെങ്കിലും ജോലി ചെയ്യുന്നവരോ അല്ലെങ്കിൽ വിവിധ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്നവരോ വിദഗ്ധമായ എന്തെങ്കിലും കഴിവുകൾ നേടിയവരോ അല്ലെന്നും സ്വയംസേവകരാണെന്നും അറിയുമ്പോൾ അവരുടെ അത്ഭുതം വർധിക്കുന്നു. നമ്മുടെ മേലുള്ള, അഹ്മദിയ്യാ ജമാഅത്തിന്റെ മേലുള്ള അല്ലാഹുവിന്റെ അനുഗ്രഹമാണിത്.

ഈ അനുഗ്രഹം കൂടുതൽ കരസ്ഥമാക്കുന്നതിന് ദുആകളുടെ വളരെയധികം ആവശ്യമുണ്ട്. ഇന്നത്തെ ലോകത്തിന്റെ അവസ്ഥാവിശേഷങ്ങളെ മുന്നിൽവച്ചുകൊണ്ട് ഓരോ വിഭാഗത്തിൽപ്പെട്ട പ്രവർത്തകരും മൊത്തത്തിൽ ഓരോ അഹ്മദിയും തങ്ങളുടെ ചുറ്റിലുമുള്ള സാഹചര്യങ്ങളുടെമേൽ ദൃഷ്ടി പതിപ്പിക്കേണ്ടതാണ്. നമ്മുടെ ഇടയിലുള്ള ആരുംതന്നെ ഒരു വിധത്തിലും പ്രവൃത്തികളിൽ വീഴ്ച വരാനോ ഭംഗം വരാനോ ഇടവരാൻ അനുവദിക്കരുത്. ഇക്കാര്യങ്ങളെല്ലാം ഓർമയിൽ വെക്കേണ്ടതാണ്. അല്ലാഹു നിങ്ങളെ സഹായിക്കുമാറാകട്ടെ. ഏറ്റവും നല്ല നിലയിൽ സ്വന്തം ചുമതലകൾ നിറവേറ്റാൻ സാധിക്കുമാറാകട്ടെ.

ഹുദൂർ അൻവറിന്റെ ഈ ഹ്രസ്വഭാഷണം 9.5-ന് സമാപിച്ചു. അതിനുശേഷം ഹുദൂർ ദുആക്ക് നേതൃത്വം നല്കി. 09.45-ന് ഹുദൂർ മഗ്രിബ്-ഇശാ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. അതുകഴിഞ്ഞ് താമസസ്ഥലത്തേക്ക് മടങ്ങി.

ജൽസയുടെ 3 ദിവസവും ഹുദൂറിന്റെ താമസസൗകര്യവും ഈ പ്രവിശാലമായ കോംപ്ലക്സിന്റെ ഒരു ഭാഗത്തായിരുന്നു ഒരുക്കിയിരുന്നത്.

**ജൽസാ സാലാന ജർമനി ഒന്നാം ദിവസം**

**2014 ജൂൺ 13 വെള്ളിയാഴ്ച**

രാവിലെ 04.20-ന് ജൽസാഗാഹിലെ പുരുഷന്മാരുടെ ഹാളിൽ ഹുദൂർ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ രാവിലെ ഓഫീസ് സംബന്ധമായ കത്തുകൾ പരിശോധിച്ച് വേണ്ടുന്ന നിർദേശങ്ങൾ നല്കി.

39-ാമത് ജൽസാസാലാന ജർമനിയുടെ ആദ്യദിനമായ ഇന്ന് ഉച്ചകഴിഞ്ഞ് 01.55-ന് ഹുദൂർ താമസസ്ഥലത്തുനിന്ന് പുറത്തുവന്നു. പതാക ഉയർത്തൽ നടക്കുന്ന ജൽസാ ഗാഹിന്റെ നാലു ഹാളിന്റേയുമിടയിൽ സ്ഥിതി ചെയ്യുന്ന പുല്ത്തകിടിയിലെത്തി പതാക ഉയർത്തി. അമീർ സാഹിബ് ജർമനി ഇതേ സമയം ജർമൻ ദേശീയപതാകയുമുയർത്തി. ജമാഅത്തംഗങ്ങൾ, ***റബ്ബനാ തഖബ്ബൽമിന്നാ ഇന്നക്ക അൻത സ്സമീഉൽഅലീം*** എന്ന പ്രാർഥനാ വാചകം ഉരുവിട്ടു കൊണ്ടിരുന്നു. (ഞങ്ങളുടെ നാഥാ, ഞങ്ങളിൽ നിന്ന് സ്വീകരിച്ചാലും, നിശ്ചയമായും നീ നല്ലവണ്ണം കേൾക്കുന്നവനും അറിയുന്നവനുമാണ്)

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് അമീറുൽമുഅ്മിനീൻ**

ജൽസാ ഗാഹിൽ ആഗതരായ ഹുദൂർ അയ്യദഹുല്ലാഹ് ജുമുഅ ഖുത്വ്ബ നിർവഹിച്ചു. ഇതോടെ ജൽസയുടെ ഔദ്യോഗികമായ ഉദ്ഘാടനം കഴിഞ്ഞു. തശഹ്ഹുദ്, തഅവ്വുദ്, സൂറാ ഫാത്തിഹാ തിലാവത്തിനു ശേഷം ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: "ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജർമനി ജൽസാ സാലാനയ്ക്ക് ആരംഭം കുറിക്കുകയാണ്. ഓരോ വർഷവും ദൈവാനുഗ്രഹത്താൽ ജൽസയിലെ അംഗസംഖ്യ വർധിച്ചുകൊണ്ടിരിക്കുന്നു. ഇൻശാഅല്ലാഹ് ഈ വർഷവും അത് സംഭവിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങനെതന്നെയാണ് വേണ്ടതും! കാരണം ഹദ്റത്ത് വാഗ്ദത്ത മസീഹും(അ) നിരന്തരം ഇക്കാര്യത്തിലേക്ക് ജമാഅത്തിന്റെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി; എല്ലാ അഹ്മദികളും ജൽസയിൽ പങ്കെടുക്കേണ്ടതാണെന്ന്! ജമാഅത്തിന്റെ അംഗങ്ങളിൽ വർധന വരുന്നതിനോടൊപ്പംതന്നെ ജൽസയിലും

പങ്കെടുക്കുന്നവരിൽ വർധന ഉണ്ടാവേണ്ടതാണ്. ജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ചെയ്ത ദുആകളുടെ ഫലം കരസ്ഥമാക്കുന്നവരായി നമ്മളും മാറട്ടെ. ഞാനുമായി കൂടിക്കാഴ്ച നടത്തിയ ചില അതിഥികൾ പാക്കിസ്താനിൽനിന്ന് ഇവിടെ വന്നിട്ടുണ്ട്. സ്ത്രീകളും പുരുഷന്മാരുമുണ്ട്. ഈ സംതൃപ്തി നിഷേധിക്കപ്പെട്ട കാരണത്താൽ ചിലർ ഏങ്ങലടിച്ചു കരയുന്നുണ്ടായിരുന്നു. ഈ സംതൃപ്തി കരസ്ഥമാക്കാൻ അവർ ദുആ ചെയ്യാനും അപേക്ഷിച്ചു.

ഞാനെപ്പോഴും പറയാറുള്ളതുപോലെ ഈ പ്രയാസങ്ങളിൽനിന്ന് പാക്കിസ്താനിലെ അഹ്മദികൾക്ക് പുറത്തു വരണമെങ്കിൽ പൂർവാധികം അല്ലാഹുവിന്റെ തിരുസവിധത്തിൽ കുനിയേണ്ടതാണ്. അല്ലാഹു പെട്ടെന്ന് സൗകര്യങ്ങൾക്കൊണ്ട് അനുഗ്രഹിക്കുമാറാകട്ടെ. അക്രമികളുണ്ടാക്കുന്ന ഫസാദുകളിൽനിന്നും ശത്രുക്കളുടെ എതിർപ്പിൽനിന്നും നമുക്കു സുരക്ഷ നല്കുമാറാകട്ടെ. ഇതെല്ലാം ദുആകൾ മുഖേന സംഭവിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ നേടിയെടുക്കാനും ദുആകൾ കൂടാതെ ഒരായുധവുമില്ല. ഇവിടെ താമസിക്കുന്ന നിങ്ങൾ ഭാഗ്യവാന്മാരെന്നാണ് എനിക്ക് പറയാനുള്ളത്. ജൽസാ സംഘടിപ്പിക്കാനുള്ള സൗകര്യങ്ങൾ അല്ലാഹു നിങ്ങൾക്കു തുറന്നുതന്നിരിക്കുന്നു. നാനാവിധത്തിലും തലത്തിലുമുള്ള സമ്മേളനങ്ങൾ നടത്തുന്നു. ഇക്കാര്യത്തിൽ അല്ലാഹുവിനോടു നന്ദിയുളള വരായിരിക്കേണ്ടതാണ്. ജൽസാ പ്രോഗ്രാമിൽനിന്ന് പൂർണമായും ഫലമെടുക്കുക. ജൽസയുടെ ദിനങ്ങളിലും തുടർന്നും ഇവിടെ കാണുകയും ശ്രവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: ജൽസകളുടെ ഉദ്ദേശ്യം ക്ഷമയോടുകൂടി ദീനിനെ അന്വേഷിക്കലാണ്. കേവലം ദീനിനെ ആഗ്രഹിക്കൽ മാത്രമാണ്. ജൽസയുടെ ഭാഗമാകുന്ന ഓരോ വ്യക്തിയും അൽപസ്വൽപം ബുദ്ധിമുട്ടുകൾ വന്നാലും അത് സഹിക്കുമെന്ന നിശ്ചയദാർഢ്യത്തോടെയാണ് വരുന്നത്. ഇന്ന ഇന്ന പെരുമാറ്റങ്ങൾ തങ്ങളോടുണ്ടായി എന്ന അക്ഷമതയുടെ വാക്കുകൾ ഉണ്ടാകില്ലെ ന്ന നിശ്ചയദാർഢ്യത്തോടെയാണ് വരുന്നത്. ഇവിടെ ചുമതല വഹിക്കുന്നവർ പൊതുവെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കാൻ ശ്രമിക്കുന്നു. ന്യൂനതയുള്ളവരെ വീണ്ടും ഞാൻ ഓർമ്മപ്പെടുത്തുകയാണ്, പൊറുമയോടും ക്ഷയോടുംകൂടി അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും സ്വന്തം ഉത്തരവാദിത്വങ്ങൾ നിർവഹിക്കുക.

ജൽസയിൽ പങ്കെടുക്കുന്നവരോടും ഞാൻ പറയുന്നു: ഇവിടെ ജൽസയിൽ വരികയെന്നത് ദീൻ പഠിക്കാൻ വരുന്നു എന്ന ലക്ഷ്യം ലാക്കാക്കേണ്ടതാണ്. ഈ അന്തരീക്ഷത്തിൽ സ്വന്തം ആത്മീയ പുരോഗതിക്കുള്ള തയ്യാറെടുപ്പ് നടത്തുകയെന്നതാണ്. ഇതിൽ നിങ്ങളുടെ വരുംതലമുറകളേയും ഭാഗഭാക്കാക്കുക. എന്നും ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ വേദന നമ്മൾ അനുഭവിക്കുന്നവരാകണം!

**ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് പറഞ്ഞു: ഈ ഹൃദയസ്പർശിയായ വികാരങ്ങളാണ്, ഈ വേദനയാണ്, ഈ ദുആകളാണ്! ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ കർമപരമായ പരിഷ്കരണത്തിനും ഈ ജൽസകളുടെ ലക്ഷ്യവും ഇതേ കർമപരമായ പരിഷ്കരണമാണ്. നമുക്ക് അല്ലാഹു ഈ അവസരം പ്രദാനം ചെയ്തിരിക്കുന്നു.**

ആ മഹാത്മാവ് പറയുന്നു: കണ്ണുകൾ പരിശുദ്ധമാക്കിവെക്കുക എന്ന് ഞാൻ ആവർത്തിച്ചാവർത്തിച്ച് പറയുന്നു. അവ ബാഹ്യമായി പ്രകാശിക്കുന്നതുപോലെ ആത്മീയ പ്രകാശം കൊണ്ട് പ്രകാശമാനമാക്കുക. നന്മയും തിന്മയും തിരിച്ചറിയാൻ പാകമാകുന്ന ആന്തരികമായകാഴ്ച കരസ്ഥമാക്കുന്ന സമയത്താണ് മനുഷ്യൻ കാഴ്ചയുള്ളവനെന്ന് വിളിക്കപ്പെടുന്നത്. തുടർന്ന് നന്മയിലേക്ക് കുനിയുകയുംവേണം. ഭൗതികമായ വികാരങ്ങൾ കൈവെടിഞ്ഞ് മുക്തമാകുന്ന ഹൃദയത്തിനാണ് മോക്ഷമുള്ളത്. "ഹൃദയം താഴ്മയോടെ സുജൂദ് ചെയ്യാത്തിടത്തോളം കേവലം ബാഹ്യമായ സുജൂദിൽ പ്രതീക്ഷ അർപ്പിക്കുന്നത് വ്യർഥമാണ്. ബലിമൃഗങ്ങളുടെ രക്തവും മാംസവും അല്ലാഹുവരെ എത്തുന്നില്ല. കേവലം തഖ്‌വാ അഥവാ അതിന്റെ പിന്നിലെ ഭക്തി മാത്രമാണെത്തുന്നത്. ഹൃദയത്തിന്റെ റുകൂഉം സുജൂദും ഖിയാമും ഉണ്ടാകാത്തിടത്തോളം ബാഹ്യമായ റുകൂഉം സുജൂദും നിഷ്ഫലമാണ്. അവന്റെ കൽപനകളിൽ നിലകൊള്ളുകയെന്നതാണ് ഹൃദയത്തിന്റെ ഖിയാം. റുകൂഉ് എന്ന് പറയുന്നത് അവനിലേക്ക് കുനിയുക എന്നതാണ്. സുജൂദ് എന്നു പറയുന്നത് അവനുവേണ്ടി സ്വന്തം അസ്തിത്വത്തെ ഉപേക്ഷിക്കുക എന്നതാണ്."

പിന്നീട് അവിടന്ന് ഈ പ്രാർഥനയും നല്കി: "അല്ലാഹു എന്റെ ഈ ജമാഅത്തിന്റെ ഹൃദയങ്ങളെ പരിശുദ്ധമാക്കുമാറാകട്ടെ. തന്റെ കാരുണ്യത്തിന്റെ കൈകൾനീട്ടി അവരുടെ മനസ്സുകൾ തന്നിലേക്കു തിരിക്കുമാറാകട്ടെ."*(ശഹാദത്തുൽഖുർആൻ, റൂഹാനീസാഇൻ വാള്യം 6. പേജ് 39 - 398)*

ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് പറഞ്ഞു: ഈ ഹൃദയസ്പർശിയായ വികാരങ്ങളാണ്, ഈ വേദനയാണ്, ഈ ദുആകളാണ്! ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ കർമപരമായ പരിഷ്കരണത്തിനും ഈ ജൽസകളുടെ ലക്ഷ്യവും ഇതേ കർമപരമായ പരിഷ്കരണമാണ്. നമുക്ക് അല്ലാഹു ഈ അവസരം പ്രദാനം ചെയ്തിരിക്കുന്നു. ഈ മൂന്നു ദിവസങ്ങളിൽ സ്വന്തം കർമപരമായ പരിഷ്കരണത്തെ കുറിച്ചു വിലയിരുത്തുക. ഇതിൽ ശ്രദ്ധയും ഊന്നുക. നമ്മൾ ഒരു വീണ്ടുവിചാരത്തോടെ ഇതിനുവേണ്ടി ശ്രമിക്കുമ്പോഴാണ് ഈ നിലവാരത്തിന് നമുക്ക് ഒരു സ്ഥായിഭാവം നല്കാൻ സാധിക്കുക. ആ മഹാത്മാവിന്റെ ഓരോ വാക്യവും വാക്കുകളും വേദനാനിർഭരവും നമ്മെ പിടിച്ചു കുലുക്കുന്നതുമാണ്.

ഭൗതിക കണ്ണുകളെപ്പോലെ നമ്മുടെ ആത്മീയ കണ്ണുകളേയും പ്രകാശമാനമാക്കുക. സ്വന്തം കണ്ണുകൾക്ക് അൽപം ബുദ്ധിമുട്ടുണ്ടാകുമ്പോൾ അത് നമ്മെ അസ്വസ്ഥമാക്കുന്നു. ക്ഷണത്തിൽ ഡോക്ടറുടെ അടുക്കൽ പോകുന്നു. കണ്ണുകളുടെ കാഴ്ച കുറയൽ നമ്മുടെ സ്വസ്ഥത കെടുത്തുന്നു. അതിനെ തുടർന്ന് എത്രമാത്രമാണ് നമ്മൾ പ്രയാസപ്പെടുന്നത്. ഇതേശ്രമം നമ്മൾ നമ്മുടെ ആത്മീയകണ്ണിന്റെ കാഴ്ചക്കും അതിനെ ആരോഗ്യകരമായി നിലനിറുത്തുന്നതിനും ചെയ്യുന്നുണ്ടോ? ഈ മൂന്ന് ദിവസങ്ങളിൽ നമ്മൾ ഇതിൽ ശ്രദ്ധിച്ചുകൊണ്ടിരുന്നാലും വെളിയിൽപ്പോയി നമ്മൾ വീണ്ടും അത്തരം പ്രവൃത്തികളിൽ അകപ്പെട്ടുപോകുന്നു. അത് നമ്മുടെ ആത്മീയതയിൽ നെഗറ്റീവായിട്ടുള്ള സ്വാധീനം ചെലുത്തുന്നു. അതുകൊണ്ട് ആത്മീയമായ കണ്ണിന്റെ പ്രകാശം ഏതാനും ദിവസങ്ങളുടെ കാര്യമല്ല. പ്രത്യുത, ഈ മൂന്നു ദിവസം ഈ പ്രകാശം നിലനിറുത്തുന്നതിനുവേണ്ടി ചികിത്സ എന്ന നിലയ്ക്കുള്ളതാണ്. ഈ ചികിത്സയ്ക്കു ശേഷം വീണ്ടും സൂക്ഷ്മതപാലിക്കാതിരുന്നാൽ ആത്മീയമായ കണ്ണിന്റെ കാഴ്ചയെ അതു ബാധിക്കുന്നതായിരിക്കും. അതുകൊണ്ടാണ് അവിടന്ന് പറഞ്ഞത്, യഥാർഥമായ കാഴ്ചയുള്ളവൻ നന്മതിന്മകൾ തിരിച്ചറിയുന്നവനാണെന്ന്! പിന്നീട് തിരിച്ചറിവുണ്ടായാൽ നന്മയിലേക്ക് കുനിയുക. പിന്നീട് അല്ലാഹു ചെയ്യാൻ കൽപിച്ചിട്ടുള്ള ആ നന്മകൾ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ആ നന്മകളിൽ എവിടെയാണോ അല്ലാഹുവിനെ ആരാധിക്കാൻ പറഞ്ഞിട്ടുള്ളത് അവിടെ അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകളും ഉൾപ്പെടുന്നു. (തുടരും)

**• അല്ലാഹുവിന്റെ കലാം •**

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."** *(വിശുദ്ധ ഖുർആൻ 51:57)*



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ: Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

**• അല്ലാഹുവിന്റെ കലാം •**

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുളളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

*(വിശുദ്ധ ഖുർആൻ 54:18)*

ത്വാലിബെ ദുആ: ANWAR SADAT AND FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 18 July 2024 Issue-29

MANAGER
SHAIKH MUJAHID AHMAD
Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

**പേജ് 8 ൽ നിന്ന്**

സത്യവാനായ നബി കള്ളവാദികളുടെമേൽ വിജയം വരിച്ചുകൊണ്ടിരുന്നത്. കാരണം തന്നിൽ അല്ലാഹു വചനമിറക്കുന്നുവെന്ന് വാദിക്കുന്ന വ്യക്തിക്ക് അതിനെ സാക്ഷ്യപ്പെടുത്തുന്ന നൂറുക്കണക്കിന് അടയാളങ്ങൾ വെളിപ്പെടുകയും ആയിരക്കണക്കിന് തരത്തിലുള്ള സഹായങ്ങളും ദൈവിക പിന്തുണയും ലഭിക്കുകയും ചെയ്യുന്നു. അയാളുടെ ശത്രുക്കളുടെമേൽ അല്ലാഹുവിന്റെ പരസ്യമായ ആക്രമണം ഉണ്ടാകുന്നു. പിന്നെ അയാൾ കള്ളനാണെന്ന് പറയാൻ ആർക്കാണ് അവകാശമുള്ളത്? എന്നാൽ, അഹോ കഷ്ടം! ലോകത്ത് ഈ നാശത്തിൽ അകപ്പെട്ടുപോകുന്ന ധാരാളം അത്തരക്കാരുണ്ട്. ഉപബോധമനസ്സിന്റെ എന്തെങ്കിലും തോന്നലോ ശയ്ത്വാന്റെ ദുർബോധനമോ അവർക്കുണ്ടായാൽ അതിനെ അല്ലാഹുവിന്റെ വചനമായി മനസ്സിലാക്കുന്നു. കർമപരമായ സാക്ഷ്യത്തെ വകവെക്കുന്നതേയില്ല.

അതേ. ആർക്കെങ്കിലും ഒന്നൊ ഒറ്റയോ ആയ നിലയിൽ സത്യസ്വപ്നം ഉണ്ടാകുകയോ അല്ലെങ്കിൽ ഇൽഹാമുണ്ടാകുകയോ ഉണ്ടായാൽത്തന്നെ, അയാളെ ദൈവനിയോഗിതനെന്ന് പറയാൻ പറ്റുകയില്ല. ശരീരേച്ഛയുടെ അന്ധകാരങ്ങളിൽനിന്ന് പരിശുദ്ധനാണെന്നും പറയാൻ പറ്റില്ല. മറിച്ച്, ഇത്തരം സ്വപ്നങ്ങളിലും ഇൽഹാമുകളിലും ഏകദേശം എല്ലാവരും പങ്കാളികളാണ്. ഇത് ഒരു വസ്തുവുമല്ല. ഇടയ്ക്കിടെ സ്വപ്നത്തിന്റെ അല്ലെങ്കിൽ ഇൽഹാമിന്റെ ഈ ബീജം മനുഷ്യപ്രകൃതിയിൽ വെച്ചിട്ടുള്ളത്, ബുദ്ധിമാനായ മനുഷ്യൻ അല്ലാഹുവിന്റെ തിരഞ്ഞെടുക്കപ്പെട്ട ദൈവദൂതരുടെമേൽ തെറ്റായ ധാരണ വെച്ചുപുലർത്താതിരിക്കാനാണ്. വഹ്‌യുടേയും ഇൽഹാമിന്റേയും ബീജം എല്ലാ മനുഷ്യരുടേയും പ്രകൃതിയിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാനാണ്. പിന്നെ അതിന്റെ സമ്പൂർണമായ അഭിവൃദ്ധിയെ നിഷേധിക്കുക വിഡ്ഢിത്തമാണ്.

എന്നാൽ, അല്ലാഹുവിന്റെ പക്കൽ 'മുൽഹം' എന്നും 'മുകല്ലം' എന്നും പറയപ്പെടുന്നവരും ഭാഷണത്തിന്റെയും സംബോധനയുടേയും സൗഭാഗ്യം ലഭിച്ചിട്ടുള്ളവരും ദൈവത്തിലേക്ക് ക്ഷണിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെടുമ്പോൾ അവരെ സഹായിക്കാനും അല്ലാഹുവിന്റെ അടയാളം മഴപോലെ പെയ്യുന്നു. ലോകത്തിന് അതിനെ നേരിടാൻ കഴിയുകയില്ല. ദൈവത്തിന്റെ കർമം അതിന്റെ ആധിക്യത്തോടുകൂടി സാക്ഷ്യം വഹിക്കുന്നു. അദ്ദേഹം സമർപിക്കുന്ന വചനം ദൈവവചനമാണ്. ഇൽഹാമുണ്ടാകുമെന്ന് വാദിക്കുന്നവൻ ഈ ലക്ഷണം മുന്നിൽവെക്കുകയാണെങ്കിൽ അവൻ ഈ ഫിത്നയിൽനിന്ന് രക്ഷപ്പെടുന്നതായിരിക്കും. (തുടരും)

**പേജ് 1 ൽ നിന്ന്**

വന്നതെന്ന് പറയാൻ സാധിക്കുമോ? താങ്കൾ മിനായിലേക്ക് പോകുമ്പോഴും ദിക്റെ ഇലാഹി ചെയ്യുന്നത് ഞാൻ കണ്ടില്ല. അവൻ പറഞ്ഞു: യഥാർഥ കാര്യം ഞങ്ങളുടെ നാട്ടിൽ ഹാജിയുടെ കടയിൽനിന്ന് ധാരാളമാളുകൾ കൂടുതൽ സാധാനങ്ങൾ വാങ്ങാറുണ്ട്. ഞങ്ങളുടെ കടയ്ക്കുനേരെ മുമ്പിൽ മറ്റൊരാളുടെ കടയുമുണ്ട്. അയാൾ ഹജ്ജ് ചെയ്തുപോയി. അയാൾ തന്റെ കടയുടെമുമ്പിൽ ഹാജി എന്ന ബോർഡ് സ്ഥാപിച്ചു. അതിന്റെ ഫലമായി ഞങ്ങളുടെ ഉപഭോക്താക്കളും അങ്ങോട്ടു പോകാൻ തുടങ്ങി. ഇതുകണ്ട് എന്റെ പിതാവ് എന്നോടു പറഞ്ഞു: നീയും ഹജ്ജ് ചെയ്തുവന്നിട്ട് നിന്റെ കടയുടെ മുമ്പിലും അതുപോലെ ബോർഡ് വെക്കുക. ഇനി പറയുക, അയാളുടെ ഹജ്ജ് പ്രതിഫലാർഹമായിരിക്കുമോ? പ്രതിഫലം കിട്ടുന്നതു അവിടെ നിൽക്കട്ടെ, അവന്റെ ഹജ്ജ് അവനു തീർച്ചയായും പാപത്തിനു നിമിത്തമായിട്ടുണ്ടാകും. അതുകൊണ്ട് മനുഷ്യൻ തന്റെ എല്ലാ കാര്യങ്ങളിലും ശ്രദ്ധിക്കേണ്ട കാര്യമാണ്, ഏറ്റവും നല്ല ജോലി ചെയ്യുമ്പോഴും അല്ലാഹുവിന്റെ തൃപ്തി പരിഗണിക്കേണ്ടതാണ്. ഇല്ലെങ്കിൽ അതേ നന്മ അവന്റെ നാശത്തിനും ശിക്ഷയ്ക്കും കാരണമായിത്തീരും. ഹജ്ജ് ഒരു നല്ല കർമമാണെന്നതിൽ സംശയമില്ല. എന്നാൽ, ആരെങ്കിലും ആളുകളിൽ തന്റെ മാന്യത വർധിക്കണമെന്ന് ആഗ്രഹിച്ചുകൊണ്ടും, അല്ലെങ്കിൽ ചടങ്ങും സമ്പ്രദായവുമെന്ന നിലയിലും അല്ലെങ്കിൽ ആളുകൾതന്നെ ഹാജി എന്നു പറയണമെന്നുദ്ദേശ്യത്തോടെയും ഹജ്ജു ചെയ്യുകയാണെങ്കിൽ അയാൾ തന്റെ ആദ്യമുള്ള ഈമാനുംകൂടി കളഞ്ഞുകുളിച്ചായിരിക്കും മടങ്ങിവരിക. ഹദ്റത്ത് മസീഹ് മൗഊദ്(അ) കേൾപ്പിക്കാറുണ്ടായിരുന്നു, ഒരു തണുപ്പ് കാലമായിരുന്നു. ഏതോ റയിൽവെസ്റ്റേഷനിൽ കണ്ണിനുകാഴ്ചയില്ലാത്ത ഒരുവൃദ്ധ തീവണ്ടി കാത്തിരിക്കുകയായിരുന്നു. അവരുടെ കൈയിൽ ഒരു പുതപ്പല്ലാതെ വസ്ത്രങ്ങളൊന്നുമുണ്ടായിരുന്നില്ല. വണ്ടിയിൽ കയറിക്കഴിഞ്ഞാൽ ശക്തമായ കാറ്റടിക്കുന്ന നേരത്ത് തണുക്കുമ്പോൾ പുതയ്ക്കാനാണ് അവരത് കൈയിൽ വെച്ചിരുന്നത്. അവർ ആ ചാദുർ അടുത്തുതന്നെ വെച്ചിരുന്നു. ഇടയ്ക്കിടെ അവരത് ചുരുട്ടുമായിരുന്നു. ഒരാൾ അവരുടെ അടുത്തൂടെപോയി. ഇവർ അന്ധയാണ് ഇപ്പോൾ ഇരുട്ടുമൂടിക്കഴിഞ്ഞിരിക്കുന്നു. ഞാൻ ഈ ചാദുറെടുത്താൽ അവരത് അറിയുകയില്ല. അടുത്തുള്ളവരും അറിയുകയില്ല. അങ്ങനെ അയാൾ മെല്ലെ ആ ചാദുർ വലിച്ചു. വൃദ്ധ ഇടയ്ക്കിടെ ആ ചാദുർ ചുരുട്ടിയിരുന്നതുകൊണ്ട് ആരോ ചാദുറെടുത്തെന്ന് ഉടൻ അവരറിഞ്ഞു. അവർ ഏ ഭായിഹാജി! എന്റെ ചാദുർ തരിക, ഞാൻ അന്ധയാണ്, നിർധനയാണ്. എന്റെ കൈയിൽ മറ്റൊരു തുണിയുമില്ലെന്ന് പറഞ്ഞ് ബഹളം വെച്ചു. അയാൾ പെട്ടെന്ന് തിരിഞ്ഞ് അവരുടെ അടുത്തെത്തി ചാദുർ മെല്ലെ അവരുടെ കൈയിൽ പിടിപ്പിച്ചു. എന്നിട്ടയാൾ ചോദിച്ചു, ഉമ്മാ! നിങ്ങൾക്കെങ്ങനെയാണ് ഞാൻ ഹാജിയാണെന്ന് മനസ്സിലായത്? അവർ പറഞ്ഞു: 'മോനേ! ഇത്തരം പ്രവൃത്തി ഹാജിമാരല്ലാതെ മറ്റാരും ചെയ്യുകയില്ല. ഞാൻ അന്ധയാണ്, ദുർബലയാണ്, ദരിദ്രയാണ്, തണുപ്പകാലമാണ്. ഞാൻ തികച്ചും തനിച്ചാണുള്ളത്. ഇത്തരം അവസ്ഥയിൽഎന്റെ ഒരേയൊരു വസ്ത്രം മോഷ്ടിക്കാൻ സ്ഥിരം മോഷ്ടാവുപോലും ധൈര്യം കാണിക്കുകയില്ല. ഈ പണി ഹാജിക്കു മാത്രമെ ചെയ്യാൻ കഴിയുകയുള്ളു.'

ചുരുക്കത്തിൽ ഹജ്ജ് ഫലം ചെയ്യുന്നത് മനുഷ്യന്റെ മനസ്സിൽ അല്ലാഹുവിനോടുള്ള ഭയമുണ്ടാകുകയും ആത്മാർഥതയോടും സ്നേഹത്തോടുംകൂടി ഈ നിർബന്ധ കടമ നിറവേറ്റുകയും ചെയ്യുമ്പോഴുമാണ്. അവൻ ആത്മാർഥതയോടെയാണ് ഹജ്ജിന് പോകുന്നതെങ്കിൽ ഈമാനിന്റെ കൂമ്പാരങ്ങളുമായിട്ടായിരിക്കും മടങ്ങിവരുന്നത്. ഇനി ആത്മാർഥതയില്ലാതെയാണ് പോകുന്നതെങ്കിൽ ആദ്യമുണ്ടായിരുന്ന ഈമാൻ കൂടി നഷ്ടപ്പെട്ടുപോകുന്നതായിരിക്കും. *(തഫ്സീറെ കബീർ വാള്യം 6, പേജ് 35, പ്രസാധനം ഖാദിയാൻ 2010)*

## നമ്മൾ സ്വഹാബത്തിനെപോലെ ആകണം

നമ്മുടെ പ്രിയപ്പെട്ട ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് പറയുന്നു:

"ലോകത്തിന് യഥാർഥ ഇസ്‌ലാം പഠിപ്പിക്കണമെങ്കിൽ ഏറ്റവുമാദ്യം നബി(സ)തിരുമേനിയുടെ സ്വഹാബത്ത് ആ മഹാത്മാവിനെ അനുധാവനം ചെയ്തുകൊണ്ട് സ്ഥാപിച്ച ഈ നിലവാരത്തിലുള്ളബന്ധം അല്ലാഹുവുമായി ഉണ്ടാക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അതിന്റെ ചിത്രം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ കോറിയിട്ടിരിക്കുന്നു. അവിടന്ന് പറയുന്നു: 'വിശുദ്ധ ഖുർആൻ അവരുടെ(സ്വഹാബത്തിന്റേ)ആദ്യത്തെ അവസ്ഥ ഇങ്ങനെ വരച്ചുകാണിച്ചത് അത്യധികം വലിയ കാര്യമാണ്. **യഅ്കുലൂന കമാ തഅ്കുലുൽ ആൻആമ** (47:13) കാലികൾ തിന്നുന്നതുപോലെയാണ് അവർ തിന്നാറുണ്ടായിരുന്നത്. കുഫ്റിന്റെ കാലത്തെ അവരുടെ അവസ്ഥ അതായിരുന്നു. പിന്നീട് നബി(സ)തിരുമേനിയുടെ പരിശുദ്ധ സ്വാധീനങ്ങൾ അവരിൽ പരിവർത്തനമുണ്ടാക്കിയപ്പോൾ അവരുടെ അവസ്ഥ **യബീത്തൂന ലി റബ്ബിഹിം സുജ്ജദിൻ വ്വ ഖിയാമാ** (25:65) എന്നായി. അതായത് അവർ തങ്ങളുടെ റബ്ബിന്റെ തിരുസന്നിധിയിൽ സുജൂദു ചെയ്തും നിന്നും രാത്രികൾ കഴിച്ചുകൂട്ടി.

*(മൽഫൂദാത്ത് വാള്യം 9, പേജ് 145)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin